കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# തരൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2017-18

ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്

E-mail: dopkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-പികെഡി.10-191/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്,

തീയതി: 12.02.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

തരൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം :- തരൂർ ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തരൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.
ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും

ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 15(1), 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:-

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
3. കാര്യാലയ പകർപ്പ്

നം. കെ.എസ്.എ-പികെഡി10-191/2019 തിയ്യതി: 12/02/2019

## പാലക്കാട് ജില്ലയില തരൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

പാലക്കാട് ജില്ലയിലെ തരൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 3-8-2017 മുതൽ 15-1-2019 തിയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.
27 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിന് മാത്രമാണ് മറുപടി ലഭിച്ചിട്ടുള്ളത്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | മേരി ഹണി ജോസഫ് ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 16-1-2019 മുതൽ 25-1-2019 വരെ |

| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
|---|---|
| ശ്രീ. കെ.വി.അരവിന്ദാക്ഷൻ | ഓഡിറ്റ് ഓഫീസർ |

| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
|---|---|
| കെ.വി.സുസ്മിത | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| കെ.പി.രാമകൃഷ്ണൻ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| സി. രാജേശ്വരി | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.മനോജ്കുമാർ | 1-4-2017 മുതൽ<br>31-3-2018 വരെ |
| സെക്രട്ടറി | ശ്രീമതി.എ.അനുപമ | 1-4-2017 മുതൽ<br>21-4-2017 വരെ |
| | ശ്രീ. പ്രവീൺ.പി.ഐ<br>(അസി.സെക്രട്ടറി | 21-4-2017 മുതൽ<br>5.6.2017വരെ<br><br>17-6-2017മുതൽ<br>23-6-2017 വരെ<br><br>14-7-2017 മുതൽ<br>13-9-2017 വരെ |
| | ശ്രീ.എം.ജി.ജോയ്സൺ | 6.6.2017 മുതൽ<br>16-6-2017 വരെ |
| | ശ്രീ.അബ്ദുൾനാസർ | 24-6-2017മുതൽ<br>13-7-2017 വരെ |
| | ശ്രീ.സുബ്രഹ്മണ്യൻ.എസ് | 14-9-2017മുതൽ<br>31-3-2018 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ.റസൂൽ ഹാരിസ് | 1-4-2017മുതൽ<br>6-8-17 |
| " " | ജൂലി ജോർജ് | 7-8-17മുതൽ<br>31-3-2018 വരെ |

| | | |
|---|---|---|
| വി.ഇ.ഒ - 1 | ശ്രീ.റോബി.എസ് | 1-4-2017മുതൽ 31-3-2018 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.വത്സലാദേവി | 1-4-2017മുതൽ 31-3-2018 വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ.പി.ഗോപാലകൃഷ്ണൻ | 1-4-2017 മുതൽ 13-11-2017 വരെ |
| " " | ശ്രീ.ദിലീപ് വർമ | 13-11-2017 മുതൽ 31-03-2018 വരെ |
| മെഡിക്കൽ ഓഫീസർ-CHC | ഡോ.രാമകൃഷ്ണൻ.എം | 1-4-2017 മുതൽ 28-2-2018 FNവരെ |
| " " | ഡോ. രമ്യ. | 28-2-2018 AN മുതൽ 31-3-2018 വരെ |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | ശ്രീ.സുരേഷ്ബാബു | 1-4-2017 മുതൽ 31-3-2018 വരെ |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | ഡോ.സുവിമോൾ | 1-4-2017 മുതൽ 31-3-2018 വരെ |
| സീനിയർ വെറ്ററിനറി സർജ്ജൻ | ഡോ.പ്രേംകുമാർ | 1-4-2017 മുതൽ 20-6-2017 വരെ |
| " " | ഡോ.അരുൺ.ടി.ആർ | 21-06-2017 മുതൽ 31-3-2018 വരെ |
| ഹെഡ് മിസ്ട്രസ്സ് | ശ്രീമതി.വള്ളിദൈവാനി | 1-4-2017 മുതൽ മുതൽ 31-3-18 |
| അസി.സെക്രട്ടറി | ശ്രീ. പ്രവീൺ.പി.ഐ | 1-4-2017 മുതൽ 31-3-2018 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ഉമൈബ | 1-4-2017 മുതൽ 31-3-2018 വരെ |

# ഭാഗം 1

## <u>പൊതു അവലോകനം</u>

# 1-1 ബജറ്റ്

30.03.2017തീയതിയിലെ .1 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

മുന്നിരുപ്പ് - 17106654

വരവ് - 61544110

ആകെ വരവ് - 78650764

ചെലവ് - 78295700

നീക്കിയിരുപ്പ് - 355064

# 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-7-2018 | 2.06.2018 | - | - |

# 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 11/07/2018 മുതൽ 12/07/2018 വരെ | കെ.എസ്.എ.പി.കെ.ഡി. 21/1904(8)/18 തീയതി 29.08.18 |

# 1-4 സാമ്പത്തിക വിശകലനം

റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം

| | |
|---|---|
| മുന്നിരിപ്പ് | 6186185 |

| | |
|---|---|
| വരവ് | 70085912 |
| ആകെ | 76272097 |
| ചെലവ് | 73140049 |
| നീക്കിയിരിപ്പ് | 3132048 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 17115000 | 17115000 | 16539260 | 575740 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 9957916 | 9957916 | 7110655 | 2847261 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 7629000 | 7629000 | 7576598 | 52402 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 3702000 | 3702000 | 3671350 | 30650 |

| | | | | | | |
|---|---|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) * | | 0 | 8037537 | 8037537 | 7668652 | 368885 |
| കെ.എൽ.എസ്. ജി.ഡി.പി (state) | | 0 | 796773 | 796773 | 771118 | 25655 |
| കെ.എൽ.എസ്. ജി.ഡി.പി (central) | | 0 | 1026724 | 1026724 | 1026724 | 0 |
| ഐ.സി.ഡി.എസ് (കേന്ദ്രവിഹിതം) | | 1440046 | 836294 | 2276340 | 761462 | 1514878 |
| എം.ജി.എൻ .ആർ.ഇ. ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 21370448 | 21370448 | 21370448 | 0 |
| | അഡ്മിനിസ്റ്റേറ്റീവ് ചെലവ് | 0 | 1494521 | 1494521 | 1493647 | 874 |
| വിവാഹധനസഹായം | | 0 | 930000 | 930000 | 930000 | 0 |
| തൊഴിൽ രഹിത വേതനം | | 0 | 40200 | 40200 | 40200 | 0 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 362500 | 2792000 | 3154500 | 2699500 | 455000 |

| | | | | | | |
|---|---|---|---|---|---|---|
| | ജില്ലാ പഞ്ചായത്ത് | 33264 | 2900000 | 2933264 | 2900000 | 33264 |
| ഉത്പാദനബോണസ് | | 0 | 590320 | 590320 | 590320 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 2652934 | 8848000 | 11500934 | 11525194 | (-)24260 |
| തനത് ഫണ്ട് ബാങ്ക് അക്കൗണ്ട് | | 3424324 | 7008764 | 10433088 | 7527220 | 2905868 |

(കുറിപ്പ് - സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ACR പ്രകാരമുള്ള തുകയും വാർഷികകണക്കിലെ തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല )

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 212 | 93030395 | 147 | 52398456 | 65 | 69 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 1494521 | 1494521 | 1493647 | 874 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 21370448 | 21370448 | 21370448 | 0 |

# 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 40200 | 67 |
| കർഷകതൊഴിലാളി പെൻഷൻ | 9267300 | 879 |
| വിധവാപെൻഷൻ | 12025400 | 1086 |
| വാർദ്ധക്യകാലപെൻഷൻ | 20959200 | 1947 |
| വികലാംഗപെൻഷൻ | 4087200 | 362 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതർ | 646900 | 59 |

# 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18-1-19 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1188/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തരനിയന്ത്രണസംവിധാനം

ഗ്രാമപഞ്ചായത്തിലെ ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നു. രേഖകളുടെയും രജിസ്റ്ററുകളുടെയും സൂക്ഷിപ്പ് പൊതുവെ തൃപ്തികരമാണ്.

മാന്വൽ രസീതി പുസ്തകങ്ങൾ മുഖേന പിരിച്ചെടുത്ത തുകകൾ സാംഖ്യയിൽ

കൃത്യമായി അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല.

രസീതി ബുക്കുകളിലൂടെയുള്ള കളക്ഷൻ മുതൽ ഇവ സാംഖ്യയിൽ അക്കൗണ്ടു ചെയ്യപ്പെടേണ്ട നടപടിക്രമങ്ങൾ കൃത്യമായി പാലിക്കുന്നതിനും ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ ആയതിൽ വീഴ്ച വരുത്താതെ തുടർന്നു വരുന്നുണ്ടെന്നത് പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതുമാണ്. അതാതു ദിവസങ്ങളിലെ വരവുകൾ ബാങ്കിൽ അടവാക്കുന്നതിന്റെ വിവരങ്ങൾ വിശദമായ കുറിപ്പു സഹിതം രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

ആസൂത്രണസമിതിയുടെയും വർക്കിംഗ് ഗ്രൂപ്പുകളുടെയും പ്രവർത്തനം കുറെക്കൂടി കാര്യക്ഷമമാക്കേണ്ടതാണ്. തെരുവുവിളക്കുകളുടെ പരിപാലനം, പൊതുടാപ്പുകളുടെ വെള്ളക്കരം തുടങ്ങിയ വിഷയങ്ങളിൽ പൊതു ഫണ്ടിന് നഷ്ടമുണ്ടാകാത്ത രീതിയിലുള്ള പ്രവർത്തനം നടപ്പിലാക്കുന്നതിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. പ്രൊക്യൂർമെന്റ് കമ്മിറ്റി ഓരോ വാങ്ങലിലും തീരുമാനങ്ങൾ എടുക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 26-12-18 | 11/18 | ഇല്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 12.12.18 to 20.12.18 | 13-14 to 2017-18 | ഇല്ല |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

ഖണ്ഡിക 1-3 ൽ പരാമർശിച്ച സാക്ഷ്യപത്രത്തിൽ ഉൾപ്പെട്ട അപാകതകളിൽ ചുവടെപ്പറയുന്നവ പരിഹരിക്കുവാൻ അവശേഷിക്കുന്നു. പ്രസ്തുത സാക്ഷ്യപത്രത്തിൽ ഉൾപ്പെടാത്ത, വാർഷികധനകാര്യ പത്രികയുമായി ബന്ധപ്പെട്ട മറ്റ് പരാമർശങ്ങൾ

ACR പ്രകാരമുള്ള CFC ഗ്രാന്റ് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

# ഭാഗം-2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 പി.എ.ആർ ഓഡിറ്റോറിയം- തറവിസ്തീർണം തെറ്റായി രേഖപ്പെടുത്തി വസ്തുനികുതി നിർണയിച്ചതിനാൽ നികുതി നഷ്ടം

23-1-2019 തിയ്യതിയിൽ എൽ.എസ്.ജി.ഡി ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ ഓഡിറ്റ് ടീം നടത്തിയ പ്രാദേശിക പരിശോധനയിൽ ഗ്രാമപഞ്ചായത്ത് പരിധിയിലെ പഴമ്പാലക്കോട് സ്ഥിതി ചെയ്യുന്ന പി.എ.ആർ ഓഡിറ്റോറിയം സന്ദർശിക്കുകയും 2 നിലകളിലായി പ്രവർത്തിക്കുന്ന ഓഡിറ്റോറിയത്തിന്റെ തറവിസ്തീർണം താഴെ പറയും പ്രകാരമാണെന്ന് ബോധ്യപ്പെടുകയും ചെയ്തു.

| | |
|---|---|
| താഴത്തെ നിലയിലെ പ്രധാന ഹാൾ | 312 ച.മീ |
| സമീപ മുറി | 104 ച.മീ |
| ഓഡിറ്റോറിയത്തിന്റെ ഓഫീസ് മുറി | 13.12ച.മീ |
| ഒന്നാം നില | 312 ച.മീ |
| ആകെ തറവിസ്തീർണം | 741.12 ച.മീ |

**പി.എ.ആർ ഓഡിറ്റോറിയം, പഴമ്പാലക്കോട്**




സഞ്ചയയിൽ നിന്നുള്ള ഫോറം 6 പ്രകാരം പ്രസ്തുത ഓഡിറ്റോറിയത്തിന്റെ നികുതി നിർണയ വിവരങ്ങൾ പരിശോധിച്ചതിൽ 2/239 എന്ന കെട്ടിട നമ്പറിലുള്ള ഒരു നില കെട്ടിടം എന്ന രീതിയിൽ ആകെ 220 ച മീ തറവിസ്തീർണം രേഖപ്പെടുത്തി ആയതിന് ആനുപാതികമായി നികുതി നിർണയമാണ് നടത്തിയിട്ടുള്ളത് എന്ന് ബോധ്യപ്പെട്ടു. സഞ്ചയയിൽ കുറഞ്ഞ തറവിസ്തീർണം രേഖപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ നിർണയിച്ചിട്ടുള്ള നികുതിയുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| ഉപയോഗ തരം | അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, ആഡിറ്റോറിയം etc |
| നികുതി നിരക്ക് | 40 |
| ആകെ തറവിസ്തീർണം | 220 ച.മീ |
| അടിസ്ഥാന വസ്തുനികുതി | 8800 രൂപ |
| ഇളവുകൾ | 10% (കാലപ്പഴക്കത്തിന്റെ അടിസ്ഥാനത്തിൽ) |
| വർദ്ധനവ് | 20% (വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ) |
| നിർണയിച്ച വസ്തുനികുതി | 9680 രൂപ + 484 രൂപ (ഗ്രന്ഥശാല വരി) |

| | |
|---|---|
| 2017-18 വർഷം ഡിമാന്റ് ചെയ്ത് ഈടാക്കിയ നികുതി | 9680 രൂപ + 484 രൂപ (ഗ്രന്ഥശാല വരി)<br>രസീതി നം. 117030104180 തിയ്യതി - 9-1-2018 |

വസ്തുനികുതി പരിഷ്കരണത്തിന്റെ വേളയിൽ നിർണയിച്ച വസ്തുനികുതി ഡാറ്റാ പ്യൂരിഫിക്കേഷൻ നടന്നു കൊണ്ടിരിന്ന ഓഡിറ്റ് കാലയളവിലോ നിലവിലോ പുനപരിശോധിക്കപ്പെട്ടുകയോ അപാകത പരിഹരിക്കുകയോ ചെയ്തിട്ടില്ല. സഞ്ചയയിലെ വിവരങ്ങൾ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്ത് പരിധിയിലെ ആകെ 9120 കെട്ടിടങ്ങളിൽ ഡാറ്റാ പ്യൂരിഫിക്കേഷൻ പൂർത്തിയായ 4964 കെട്ടിടങ്ങളിൽ പി.എ.ആർ ഓഡിറ്റോറിയവും ഉൾപ്പെടുന്നുണ്ട്. 28-11-2018 -ാം തിയ്യതിയിലാണ് പ്രസ്തുത കെട്ടിടം ഡാറ്റാ പ്യൂരിഫിക്കേഷൻ പ്രകാരം ഡിജിറ്റലി സാക്ഷ്യപ്പെടുത്തിയിട്ടുള്ളത്. മുൻപ് നിർണയിച്ച നികുതി അപാകത പരിശോധനാവിധേയമാക്കാതെ അംഗീകരിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്.

ഓഡിറ്റ് ടീം നടത്തിയ പരിശോധനയിൽ കണ്ടെത്തിയ യഥാർത്ഥ തറവിസ്തീർണത്തിന്റെ അടിസ്ഥാനത്തിൽ ഈടാക്കേണ്ടിയിരുന്ന നികുതിയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| ഉപയോഗ തരം | അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, ആഡിറ്റോറിയം etc |
| നികുതി നിരക്ക് | 40 |
| ആകെ തറവിസ്തീർണം | 741.12 ച.മീ |
| അടിസ്ഥാന വസ്തുനികുതി | 29644.8 രൂപ |
| ഇളവുകൾ | 10% (കാലപ്പഴക്കത്തിന്റെ അടിസ്ഥാനത്തിൽ) |
| വർദ്ധനവ് | 20% (വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ) |
| നിർണയിക്കേണ്ട വസ്തുനികുതി | 32609 രൂപ + 1630 രൂപ (ഗ്രന്ഥശാല വരി) |

| | |
|---|---|
| 2017-18 വർഷം ഡിമാന്റ് ചെയ്ത് ഈടാക്കിയ നികുതി | 9680 രൂപ + 484 രൂപ (ഗ്രന്ഥശാല വരി)<br>രസീതി നം. 117030104180 തിയ്യതി - 9-1-2018 |
| 2017-18 ൽ ഈടാക്കേണ്ടിയിരുന്ന നികുതി | 32609 രൂപ + 1630 രൂപ (ഗ്രന്ഥശാല വരി) |
| 2017-18 വർഷത്തെ വസ്തുനികുതി നഷ്ടം | 22929 രൂപ + 1146 രൂപ (ഗ്രന്ഥശാല വരി) |

വസ്തുനികുതി പരിഷ്കരണ വേളയിൽ കെട്ടിട ഉടമ സമർപ്പിച്ച വസ്തുനികുതി റിട്ടേൺ (ഫോറം 2), നികുതി നിർണയ നടപടിക്രമങ്ങളുടെ രേഖകൾ എന്നിവ ഹാജരാക്കുന്നതിന് ഓഡിറ്റ് അന്വേഷണം നം. 24/24-1-2019 പ്രകാരം ആവശ്യപ്പെട്ടുവെങ്കിലും ആയത് ഹാജരാക്കിയിട്ടില്ല.

വസ്തുനികുതി പരിഷ്കരണ വേളയിൽ തെറ്റായി നികുതി നിർണയിക്കപ്പെട്ടുവെന്നിരിക്കെ ഡാറ്റാ പ്യൂരിഫിക്കേഷൻ സമയത്തും അപാകത പരിശോധിച്ച് പരിഹരിക്കപ്പെടാതെ സഞ്ചയയിൽ കെട്ടിടത്തിന്റെ നികുതി നിർണയം അംഗീകരിച്ച് ഡിജിറ്റലി സാക്ഷ്യപ്പെടുത്തിയത് പഞ്ചായത്തിന്റെ ഭാഗത്തു നിന്നുണ്ടായിട്ടുള്ള വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ഇതുമൂലം ഗ്രാമപഞ്ചായത്തിന് ഓരോ വർഷവും വസ്തുനികുതിയിനത്തിൽ 22929/- രൂപ നഷ്ടം ഉണ്ടായിക്കൊണ്ടിരിക്കുന്നുണ്ട്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരും ഈ വിഷയം പ്രത്യേകം ശ്രദ്ധിക്കേണ്ടതും ഡാറ്റാ പ്യൂരിഫിക്കേഷൻ നടപടികൾ കൃത്യതയോടെ പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. അപാകത പരിഹരിച്ച് കുടിശ്ശിക ഉൾപ്പെടെയുള്ള

വസ്തുനികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 2-2 വസ്തുനികുതി - പൊതുവായ നിരീക്ഷണങ്ങൾ

എ) വസ്തുനികുതി കുടിശ്ശിക

വാർഷിക ധനകാര്യ പത്രിക പ്രകാരം 2017-18 വർഷത്തെ കുടിശ്ശികയുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| 2017-18 വസ്തുനികുതി | | | | |
|---|---|---|---|---|
| ഡിമാന്റ് | വരവ് | | കുടിശ്ശിക | |
| | തൻവർഷം | മുൻവർഷങ്ങളിലെ | തൻവർഷം | മുൻവർഷങ്ങളിലെ |
| 1647122 | 1272061 | 10522632 | 226388 | 554995 |

വസ്തുനികുതി കുടിശ്ശിക ഈടാക്കുന്നതിന് കാര്യക്ഷമമായ നടപടികൾ സ്വീകരിക്കേണ്ടതാണ്

ബി) വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയതിന്റെ വിശദീകരണം ലഭ്യമാക്കിയില്ല

അസസ്സ്മെന്റ് രജിസ്റ്റർ പ്രകാരം കെട്ടിട നം.2/175, 2/177, 4/212, 12/680 എന്നീ കെട്ടിടങ്ങളുടെ നികുതി വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ എന്തിന്റെ അടിസ്ഥാനത്തിലാണ് നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുള്ളത് എന്ന് രേഖപ്പെടുത്തിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നം. | കെട്ടിട ഉടമ | ഉപയോഗതരം | തറവിസ്തീർണം (ച.മീ) | നിർണയിച്ച വസ്തുനികുതി |
|---|---|---|---|---|---|
| 1 | 2/175 | പ്രഭാകരൻ | രേഖപ്പെടുത്തിയിട്ടില്ല* | 99.75 | 0 |
| 2 | 2/177 | കൺവീനർ, പഴമ്പാലക്കോട് | പാർപ്പിടാവശ്യം | 150 | 0 |

| | | | | | |
|---|---|---|---|---|---|
| | | കുടിവെള്ള പദ്ധതി | | | |
| 3 | 4/212 | സുരേഷ് കുമാർ.കെ | രേഖപ്പെട്ടു ത്തിയിട്ടില്ല* | 120.82 | 0 |
| 4 | 12/680 | എ.എൻ.ശിവ സുബ്രമണ്യൻ | രേഖപ്പെട്ടു ത്തിയിട്ടില്ല* | 341 | 0 |

* നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ എന്ന് രേഖപ്പെടുത്തിയിട്ടുണ്ട് കാരണം രേഖപ്പെടുത്തിയിട്ടില്ല

മേൽ പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള കെട്ടിടങ്ങൾ എന്തിന്റെ അടിസ്ഥാനത്തിലാണ് വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുള്ളത് എന്ന് രേഖാമൂലം വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

സി) ഉപയോഗ തരം തെറ്റായി രേഖപ്പെടുത്തിയത് ക്രമീകരിക്കേണ്ടതാണ്.

100 ച.മീറ്ററിൽ കൂടുതൽ തറവിസ്തീർണമുള്ള ചില വാണിജ്യ കെട്ടിടങ്ങളെ വാണിജ്യാവശ്യത്തിനുള്ള 100 ച.മീ വരെ തറവിസ്തീർണമുള്ള കെട്ടിടങ്ങളുടെ ഗണത്തിൽ തെറ്റായാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. 2 ഗണങ്ങൾക്കും ഒരേ നിരക്കാണ് പഞ്ചായത്തിൽ നിശ്ചയിച്ചിട്ടുള്ളത് എന്നതിനാലും പഴയനികുതി വളരെ കുറവായതിനാലും ചട്ടപ്രകാരം പുനർനിണയിക്കുമ്പോൾ വർദ്ധനവ് 100 ശതമാനത്തിൽ പരിമിതപ്പെടുത്തിയിട്ടുള്ളതിനാലും വസ്തുനികുതി നിർണ്ണയിച്ചതിൽ കുറവു വന്നിട്ടില്ല. ഉദാ:- 1/265 (150 ച.മീ), 11/29 (138 ച.മീ), 10/255 (176 ച.മീ), 8/154 (102 ച.മീ), 8/464 (102.43 ച.മീ). എന്നിരുന്നാലും മേൽ കെട്ടിടങ്ങൾ പരിശോധനാവിധേയമാക്കി തറവിസ്തീർണത്തിന് ആനുപാതകമായി ഉപയോഗക്രമം രേഖപ്പെടുത്തി അപാകത പരിഹരിക്കേണ്ടതാണ്.

24-1-2019-ാം തിയ്യതിയിലെ ഓഡിറ്റ് അന്വേഷണം നം.24 പ്രകാരം മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

ഡി) സേവന ഉപനികുതി ഏർപ്പെടുത്തുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിന്റെ വരവ് വർദ്ധിപ്പിക്കുന്നതിനായി പുതിയ വരുമാന സ്രോതസ്സുകൾ കണ്ടെത്തുന്നതിനുള്ള ശ്രമം ഉണ്ടാവേണ്ടതാണ്. നിയമാനുസൃതമായി ഏർപ്പെടുത്താവുന്ന സേവന ഉപനികുതി ഏർപ്പെടുത്തുന്നതിനുള്ള സാധ്യത

ഗ്രാമപഞ്ചായത്ത് പരിശോധിക്കേണ്ടതാണ്.

2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്ന്, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവുവിളക്കുകളും ഡ്രൈനേജും എന്നിവ സംബന്ധിച്ച സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. അപ്രകാരം ചുമത്താവുന്ന ഏറ്റവും കുറഞ്ഞ സേവന ഉപനികുതിയുടെ നിരക്കുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. ജലവിതരണം - വസ്തു നികുതിയുടെ 3% ൽ കുറയാത്ത തുക.

2. തെരുവുവിളക്കുകൾ - വസ്തു നികുതിയുടെ 2% ൽ കുറയാത്ത തുക.

3. ശുചിത്വ പരിപാലനം - വസ്തു നികുതിയുടെ 4% ൽ കുറയാത്ത തുക.

4. ഡ്രൈനേജ് - വസ്തു നികുതിയുടെ 1% ൽ കുറയാത്ത തുക.

മുൻവർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ നിർദ്ദേശങ്ങൾ ഉണ്ടായിട്ടും ചട്ടപ്രകാരമുള്ള സേവന ഉപനനികുതി വസ്തുനികുതിയോടൊപ്പം ഈടാക്കുന്നതിനുള്ള യാതൊരു നടപടികളും സ്വീകരിച്ചതായി കാണുന്നില്ല. ഇക്കാര്യത്തിലേക്ക് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടേയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

(ഓഡിറ്റ് അന്വേഷണം നം.24, തിയ്യതി-24-1-2019)

## 2-3 ബി.എസ്.എൻ.എൽ മൊബൈൽ ടവറിന്റെ വസ്തുനികുതി കുടിശ്ശിക ഈടാക്കേണ്ടതാണ്

സഞ്ചയയിലെ വിവരങ്ങൾ പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 9 മൊബൈൽ ടവറുകളിൽ ബി.എസ്.എൻ.എൽ - ന്റെ ഉടമസ്ഥതയിലുള്ള 2 ടവറുകളുടെ ഒഴികെ മറ്റു ടവറുകളുടെയെല്ലാം വസ്തുനികുതി ഈടാക്കിയിട്ടുണ്ട്. എന്നാൽ ബി.എസ്.എൻ.എൽ ടവറുകളുടെ മാത്രമായി 103950/-രൂപയാണ് ഈടാക്കാൻ അവശേഷിക്കുന്നത്. കുടിശ്ശികയുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| | ടവർ 1 | ടവർ 2 |
|---|---|---|
| വാർഡ് നം./വാർഡിന്റെ പേര് | 3/ചേരിക്കൽ | 11/കാവുങ്കൽ |
| ടവർ ഉടമ | ബി.എസ്.എൻ.എൽ | ബി.എസ്.എൻ.എൽ |
| ടവർ നം. | 591 | 593 |
| നിർണയിച്ച വസ്തുനികുതി | 5670 | 15120 |
| ആകെ കുടിശിക | 28350 | 75600 |
| കുടിശ്ശിക ഏതു വർഷം മുതൽ | 2013-14 | 2013-14 |

കുടിശ്ശിക ഈടാക്കുന്നതിനും അനധികൃത മൊബൈൽ ടവറുകൾ കണ്ടെത്തുന്നതിനും വ്യക്തമായ നിർദ്ദേശങ്ങൾ പഞ്ചായത്ത് ഡയറക്ടറുടെ 25-10-2017-ലെ സർക്കുലർ നം.സി3-18009/17 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ആയതു പ്രകാരം ഗ്രാമപഞ്ചായത്ത് പരിശോധനാ നടപടികൾ സ്വീകരിക്കേണ്ടതും അനധികൃത മൊബൈൽ ടവറുകൾ കണ്ടെത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങളും അവയ്ക്കെതിരെ സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ ലഭ്യമാക്കേണ്ടതുമാണ്. തുക ഈടാക്കുന്നതിന് ബി.എസ്.എൻ.എൽ ഓഫീസുമായി ബന്ധപ്പെട്ട് ആവശ്യമായ തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
(ഓഡിറ്റ് അന്വേഷണം നം.11, തീയതി-23-1-2019)

# 2-4 <u>തൊഴിൽനികുതി പിരിവ് കാര്യക്ഷമമല്ല</u>

ഗ്രാമപഞ്ചായത്തിന്റെ അധികാരപരിധിയിലുള്ളതും തൊഴിൽ നികുതി പരിധിയിൽ വരുന്നതുമായ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിന്റെ കൃത്യത, പഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ കാര്യക്ഷമത എന്നിവ പരിശോധിക്കുന്നതിനാണ് ഓഡിറ്റ് ലക്ഷ്യമിട്ടിരുന്നത്. സ്ഥാപന രജിസ്റ്റർ, തൊഴിൽനികുതി ഡിമാന്റ് രജിസ്റ്റർ, തൊഴിൽ നികുതി പത്രികകൾ, ഡി&ഒ ലൈസൻസ് രജിസ്റ്റർ എന്നീ രേഖകൾ പരിശോധനയ്ക്ക് ആധാരമാക്കിയിട്ടുണ്ട്. തൊഴിൽ നികുതി പരിശോധനയിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

<u>എ) വിവിധ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല</u>

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204(1) (ii)എ(i) പ്രകാരം ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ 60 ദിവസം ജോലി/തൊഴിൽ

ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽ നികുതിയ്ക്ക് വിധേയനാകും. തൊഴിൽ നികുതി രജിസ്റ്റർ, തൊഴിൽ നികുതി പത്രികകൾ എന്നിവ പരിശോധിച്ചതിൽ നിന്നും ഗ്രാമപഞ്ചായത്ത് പരിധിയിലെ താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാർ, തൊഴിലിലേർപ്പെട്ടിട്ടുള്ള മറ്റു ജീവനക്കാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല എന്ന് ബോധ്യപ്പെട്ടു.

| ക്രമ നം. | സ്ഥാപനം /ജീവനക്കാർ | ഈടാക്കാത്ത അർദ്ധവർഷം | റിമാർക്സ് |
|---|---|---|---|
| 1 | ബി.എസ്.എൻ.എൽ ഓഫീസ് | 2 | |
| 2 | പഴമ്പാലക്കോട് ക്ഷാരോത്പാദക സഹകരണ സംഘം | 2 | |
| 3 | കനറാ ബാങ്ക്, പഴമ്പാലക്കോട് | 1 | |
| 4 | ജയകുമാർ.വി, ഹെഡ് കാഷ്യർ, യൂണിയൻ ബാങ്ക് | 1 | എക്സ്.സെർവീസ് മാൻ എന്നാണ് രേഖപ്പെടു ത്തിയിട്ടുള്ളത് |
| 5 | മരുതക്കോട് ക്ഷീരോത്പാദക സഹകരണ സംഘം | 1 | |
| 6 | ചാലൃമ്പള്ളി ക്ഷീരോത്പാദക സഹകരണ സംഘം | 1&2 | |
| 7 | ക്ലാസ്സിക് ഗാർമെന്റ്സ് | 1 | |
| 8 | സി.ഡി.എസ് അക്കൗണ്ടന്റ്, കുടുംബശ്രീ | 1 | |
| 9 | എൽ.എസ്.ജി.ഡി | 2 | |
| 10 | ഹാപ്പി ടെക്.ഡെന്റൽ | 1&2 | |

| | | | |
|---|---|---|---|
| | ക്ലിനിക്, പഴമ്പാലക്കോട് | | |
| 11 | അർബൻ കോ-ഓപ്പറേറ്റീവ് ബാങ്ക്, അമ്പലക്കാട് | 1&2 | |
| 12 | എൻ.എസ്.എസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ, പഴമ്പാലക്കോട് | 1&2 | |
| 13 | മലബാർ ബേസിക് സ്കൂൾ, അത്തിപ്പൊറ്റ | 1&2 | |
| 14 | മർകസ് ബേസിക് സ്കൂൾ, അത്തിപ്പൊറ്റ | 1&2 | |
| 15 | അൽ-ഇർഷാദ് ഇംഗ്ലീഷ് മീഡിയം സ്കൂൾ, തോണിപ്പാടം | 1&2 | |
| 16 | എസ്.എൻ ഇംഗ്ലീഷ് മീഡിയം സ്കൂൾ, കോഴിക്കാട് | 1&2 | |
| 17 | പോസ്റ്റ് ഓഫീസ്, നെച്ചൂർ | 1&2 | |
| 18 | പോസ്റ്റ് ഓഫീസ്, വാവുള്ള്യാപുരം | 1&2 | |
| 19 | 33 – KV സബ്സ്റ്റേഷൻ | 1&2 | |
| 20 | ശിശുമന്ദിരം, കുട്ടൻ കോട് | 1&2 | 2 ജീവനക്കാർ |

ബി) സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

തൊഴിൽ നികുതി രജിസ്റ്റർ, തൊഴിൽനികുതി പത്രികകൾ എന്നിവ പരിശോധിച്ചതിൽ നിന്നും ഗ്രാമപഞ്ചായത്ത് പരിധിയിലെ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല എന്ന്

കണ്ടെത്തി.

| ക്രമ നം. | സ്ഥാപനം | ഈടാക്കാത്ത അർദ്ധവർഷം |
|---|---|---|
| 1 | ബി.എസ്.എൻ.എൽ ഓഫീസ് | 1&2 |
| 2 | ചിറക്കോട് ക്ഷീരോത്പാദക സഹകരണ സംഘം | 1&2 |
| 3 | പഴമ്പാലക്കോട് ക്ഷീരോത്പാദക സഹകരണ സംഘം | 1&2 |
| 4 | കനറാ ബാങ്ക്, പഴമ്പാലക്കോട് | 1&2 |
| 5 | മാവേലി സ്റ്റോർ, പഴമ്പാലക്കോട് | 1&2 |
| 6 | ക്ലാസ്സിക് ഗാർമെന്റ്സ് | 1&2 |
| 7 | ഹാപ്പി ടെക്.ഡെന്റൽ ക്ലിനിക്, പഴമ്പാലക്കോട് | 1&2 |
| 8 | അർബൻ കോ-ഓപ്പറേറ്റീവ് ബാങ്ക്, അമ്പലക്കാട് | 1&2 |

1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ, പഞ്ചായത്ത് ഡയറക്ടറുടെ 11-05-2007- ലെ സർക്കുലർ നമ്പർ സി.15557/2007 എന്നിവയിലെ നിർദ്ദേശങ്ങൾ പ്രകാരം മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

സി) കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

എൽ.എസ്.ജി.ഡി സെക്ഷനിലെ എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം 2017-18 വർഷത്തിൽ ഏറ്റെടുത്തതും 2016-17 വർഷത്തെ സ്പിൽ ഓവർ പ്രവൃത്തികൾ ഉൾപ്പെടെയുമായി വിവിധ മരാമത്ത് പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി കരാറുകാർ പഞ്ചായത്തു പരിധിയിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. തൊഴിൽ നികുതി രേഖകൾ പരിശോധനയിൽ ഇവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായോ ഈടാക്കുന്നതിനുള്ള എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുള്ളതായോ കാണുന്നില്ല. ഈടാക്കിയിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കേണ്ടതാണ്.

കരാറുകാരുടെയും 2017-18 വർഷത്തിൽ ഏറ്റെടുത്ത പ്രവൃത്തികളുടെയും

എണ്ണത്തിന്റെയും വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | കരാറുകാർ | പ്രവൃത്തികളുടെ എണ്ണം |
|---|---|---|
| 1 | സി.അബ്ദുൾ റഹിമാൻ | 11 |
| 2 | എ.എൻ.സുരേഷ് കുമാർ | 7 |
| 3 | മുഹമ്മദ് കുഞ്ഞു | 4 |
| 4 | ചെന്താമരകണ്ണൻ | 8 |
| 5 | രമേഷ് കുമാർ | 8 |
| 6 | പ്രദീപ് കുമാർ | 7 |
| 7 | എൻ.ഹക്കീം | 9 |
| 8 | കെ.സി.തങ്കപ്പൻ | 4 |
| 9 | എ.വി.സച്ചിദാനന്ദൻ | 9 |
| 10 | കെ.ഹരിനാരായണൻ | 1 |

മേൽ കരാറുകാരിൽ നിന്നും വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡി) സ്ഥാപന രജിസ്റ്റർ കാലികമാക്കേണ്ടതാണ്

1998-ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ (റെക്കോർഡുകളുടെ സൂക്ഷിപ്പും പകർപ്പ് നൽകലും) ചട്ടം 3 പ്രകാരം ഗ്രാമപഞ്ചായത്ത് തൊഴിൽ നികുതിയുമായി സ്ഥാപന രജിസ്റ്റർ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. സ്ഥാപന രജിസ്റ്റർ ഓഡിറ്റിനു ഹാജരാക്കിയെങ്കിലും ആയത് കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ലൈസൻസിനു വേണ്ടി പഞ്ചായത്തിനെ സമീപിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്ന രീതിയാണ് ഗ്രാമപഞ്ചായത്ത് പിന്തുടർന്ന് വരുന്നത്. പഞ്ചായത്തിന്റെ അധികാര പരിധിയിലുള്ള എല്ലാ വാണിജ്യ സ്ഥാപനങ്ങളും/ഇതര സ്ഥാപനങ്ങളും ജീവനക്കാരുടെ തൊഴിൽ നികുതിയും സ്ഥാപന തൊഴിൽ നികുതിയും ഒടുക്കു വരുത്തുന്നുവെന്ന് ഉറപ്പ് വരുത്തുവാൻ സ്ഥാപനരജിസ്റ്റർ വർഷം തോറും കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മിനിട്സ് പരിശോധിച്ചതിൽ തൊഴിൽ നികുതിയുടെ പിരിവ് സംബന്ധിച്ച് അവലോകനം നടത്തിയതായി കാണുന്നില്ല. ഇത്രയധികം സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടും തൊഴിൽ നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ടും നൽകിയ ഓഡിറ്റ് അന്വേഷണം നം.12, തീയതി: 22-1-2019 ന്റെ മറുപടിയിൽ, സ്ഥാപനങ്ങൾക്ക് കത്ത് നൽകിയിട്ടുണ്ടെന്നും അപാകതകൾ പരിഹരിച്ച് ഓഡിറ്റിന് സമർപ്പിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

തൊഴിൽ നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് തുടർ നടപടികൾ സ്വീകരിക്കേണ്ടതും മേൽ പറഞ്ഞിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 2-5 ഡി&ഒ ലൈസൻസ് ഫീസ് നിർണ്ണയം - 2017 ലെ ഭേദഗതി ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കിയിട്ടില്ല

31.10.2017 തിയതിയിലെ ജി.ഒ(പി)നം.80/2017/ത.സ്വ.ഭ.വ (എസ്.ആർ.ഒ നം. 674/2017) പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം അനുസരിച്ച് 1996 ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്.. ചട്ടങ്ങളിലെ *'അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ'* എന്നത് *'ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ'* എന്ന് പുനർ നാമകരണം ചെയ്തിട്ടുണ്ട്. ഇതു പ്രകാരം ലൈസൻസ് ഫീ നിശ്ചയിക്കുന്നത് ദൈനംദിന വിറ്റുവരവിന് പകരം മൂലധനത്തിന്റെ അടിസ്ഥാനത്തിലായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ചട്ടങ്ങളിലെ പട്ടിക രണ്ടിൽ ഇതിനായി മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. വ്യവസായ സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം തിരിക്കേണ്ടതുണ്ട്. രേഖകൾ പരിശോധിച്ചതിൽ ഡി&ഒ ലൈസൻസ് ചട്ടങ്ങളിൽ വന്ന ഭേദഗതി പ്രകാരം ഫീസ് പിരിക്കുന്നതിന് അപേക്ഷകളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തിയിട്ടില്ലെന്ന് കാണുന്നു. വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (14, 22-1-2019) മറുപടി ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്നും ഭേദഗതി ചട്ടപ്രകാരമുള്ള അപേക്ഷ ഫോറങ്ങൾ ലഭ്യമായിട്ടില്ല എന്നും ഫീസ് പിരിക്കുന്നത് ചട്ടങ്ങളിൽ വന്ന ഭേദഗതി പരിശോധിച്ചു കൊണ്ടാണ് എന്നുമാണ്.

എന്നാൽ പരിശോധിച്ച രേഖകൾ പ്രകാരം അത്തരത്തിലുള്ള നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. അതാതു കാലയളവിലെ ഉത്തരവുകൾക്കനുസൃതമായി നടപടികൾ സ്വീകരിക്കാതിരിക്കുന്നത് ശരിയായ നടപടിയല്ല. ഭേദഗതി ചട്ടത്തിലെ നിർദ്ദേശങ്ങൾ പാലിച്ചു കൊണ്ട് ഡി&ഒ ലൈസൻസ് പിരിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-6 ഡി&ഒ ലൈസൻസ് രേഖകളുടെ പരിശോധനയിന്മേലുള്ള അപാകതകൾ പരിഹരിക്കേണ്ടതാണ്

ഡി&ഒ ലൈസൻസ് രജിസ്റ്റർ, അപേക്ഷകൾ, അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ചതിന്മേലുള്ള പൊതുവായ നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

എ) രജിസ്റ്ററുകളും അനുബന്ധ രേഖകളും കൃത്യമായി പരിപാലിച്ചിട്ടില്ല.

പഞ്ചായത്ത് പ്രദേശത്തെ വ്യാപാരികളുടെ വാർഡ് അടിസ്ഥാനത്തിലുള്ള ലിസ്റ്റ് (ട്രേഡേഴ്സ് ലിസ്റ്റ്) സൂക്ഷിച്ചിട്ടില്ല.

അപേക്ഷകളും അനുബന്ധ രേഖകളും ഡി&ഒ രജിസ്റ്ററിലെ നമ്പർ പ്രകാരമല്ല സൂക്ഷിച്ചിട്ടുള്ളത്. ആയതിനാൽ മുഴുവൻ അപേക്ഷകൾ ഹാജരാക്കിയിട്ടുണ്ടോ എന്ന് ഉറപ്പു വരുത്താൻ സാധ്യമല്ല. ഡി&ഒ ലൈസൻസ് രജിസ്റ്ററിൽ പൂർണമായ രേഖപ്പെടുത്തലുകൾ ഇല്ല. താഴെ പറയുന്ന ക്രമ നമ്പറിലുള്ള അപേക്ഷകളുടെ തുടർ നടപടികൾ രേഖപ്പെടുത്തിയിട്ടില്ല.

ലൈസൻസ് രജിസ്റ്ററിലെ ക്രമ നമ്പർ 144, 150, 172, 173, 174, 193, 196, 197, 199, 200, 202, 207, 211, 212

ലൈസൻസ് നിരസിച്ചവയാണെങ്കിൽ അവയുടെ വിവരങ്ങൾ ഉൾപ്പെടെയുള്ള രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല. നിരസിക്കുന്ന പക്ഷം മേൽ സ്ഥാപനങ്ങൾ അനധികൃതമായി പ്രവർത്തിക്കുന്നുണ്ടോ എന്നു പരിശോധിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിക്കുന്നുണ്ടോ എന്നും വ്യക്തമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (14/22-1-2019) മറുപടി ലഭ്യമാക്കിയിട്ടില്ല. രജിസ്റ്ററുകൾ പൂർണമാക്കുന്നതിനും അപേക്ഷകൾ ക്രമപ്രകാരം സൂക്ഷിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ബി. ലൈസൻസ് ഇല്ലാതെ റേഷൻ കടകൾ പ്രവർത്തിക്കുന്നു

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ഡി & ഒ ലൈസൻസ് ചട്ടങ്ങളിൽ ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ-പൊതു വിതരണ വകുപ്പിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളെയും ഉൾപ്പെടുത്തിയിട്ടുണ്ട് (പട്ടിക 1 ക്രമനം 149). എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള റേഷൻ കടകളൊന്നും തന്നെ ലൈസൻസ് എടുത്തിട്ടുള്ളതായി ഡി & ഒ ലൈസൻസ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ കാണാൻ കഴിഞ്ഞിട്ടില്ല. ലൈസൻസ് അനുവദിച്ചിട്ടുണ്ടെങ്കിൽ രേഖകൾ ഹാജരാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്റെ (14, 22-1-2019) മറുപടിയിൽ, റേഷൻ കടകളുടെ വിവരം ആവശ്യപ്പെട്ട് സപ്ലൈ ഓഫീസിലേയ്ക്ക് കത്ത് നൽകിയിട്ടുണ്ട് എന്നാണ്. എത്രയും പെട്ടെന്ന് വിവരം ശേഖരിച്ച് തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-7 ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ - ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

2012 ലെ കേരളാ പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നല്കൽ) ചട്ടങ്ങളിലെ ചട്ടം 7(2) ഫോറം നമ്പർ 3 ൽ ലൈവ് സ്റ്റോക്ക് ഫാം നടത്തുന്നതിനുള്ള ലൈസൻസ് പ്രകാരം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്വകാര്യ ഫാമുകൾക്ക് ചട്ടപ്രകാരമുള്ള ലൈസൻസ് ആവശ്യമാണ്.

2017-18 വർഷത്തിൽ ഡി&ഒ ലൈസൻസ് അനുവദിച്ച 4 ഫാമുകളുടെ വിവരങ്ങൾ പരിശോധിച്ചതിൽ ഒരു ഫാം ഉടമയുടെ മാത്രമാണ് അതോടൊപ്പം ചട്ടപ്രകാരമുള്ള ലൈസൻസ് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതായി കാണുന്നത്. ഡി&ഒ ലൈസൻസ് അനുവദിച്ച മറ്റു ഫാമുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. (രജിസ്റ്റർ | വാർഡ്/കെട്ടിട നം | ഉടമ | റിമാർക്സ് |
|---|---|---|---|

| | | | |
|---|---|---|---|
| പ്രകാരം) | | | |
| 111 | 8/239A | അഹമ്മദ് കബീർ | അച്ചു പൗൾട്രി ഫാം |
| 133 | 3/162 | ആലീസ്.കെ.കെ | പശു ഫാം |
| 147 | 14/6 | ഷെമീറ | കോഴി ഫാം |

ലൈവ് സ്റ്റോക്ക് ഫാം നടത്തുന്നതിനുള്ള ലൈസൻസ് അനുവദിച്ചിട്ടുണ്ടെങ്കിൽ രേഖകൾ ഹാജരാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്റെ (നം.14, 22-1-2019) മറുപടിയിൽ ക്രമ നം.1 ലെ സ്ഥാപനത്തിൽ കോഴി വാങ്ങി വിൽക്കുന്നതിനാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളതെന്നും, ക്രമ നം.2 ൽ മുൻകാലങ്ങളിൽ നടത്തി വന്നിരുന്ന ഫാമിന്റെ ലൈസൻസ് പുതുക്കി വന്നതും, ക്രമ നം. 3 ലെ ഫാമിൽ 100 ൽ താഴെ കോഴികളെയാണ് വളർത്തുന്നത് എന്നും അറിയിച്ചിട്ടുണ്ട്. തുടർ വർഷങ്ങളിൽ ലൈസൻസ് പുതുക്കി നൽകുമ്പോൾ ഇവ പരിശോധനാവിധേയമാക്കി ആവശ്യമെന്ന തോന്നുന്ന പക്ഷം മേൽ ചട്ടപ്രകാരമുള്ള ലൈസൻസ് അനുവദിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. മാത്രമല്ല പഞ്ചായത്തിന്റെ അനുമതി കൂടാതെ അനധികൃതമായി ഫാമുകൾ പ്രവർത്തിക്കുന്നുണ്ടോ എന്നും പരിശോധനാവിധേയമാക്കേണ്ടതാണ്.

## 2-8 കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷകളിൽ സമയക്രമം പാലിക്കേണ്ടതാണ്

കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011, ചട്ടം 16 പ്രകാരം അപേക്ഷയിന്മേൽ 15 ദിവസത്തിനകം തീർപ്പുകൽപ്പിക്കാത്ത പക്ഷം പെർമിറ്റ് ലഭിച്ചതായി കണക്കാക്കി ചട്ടങ്ങൾക്ക് വിധേയമായി അപേക്ഷകന് നിർമ്മാണം തുടങ്ങാവുന്നതാണ്. കൂടാതെ കെട്ടിട നിർമ്മാണ അപേക്ഷകൾ സ്വീകരിക്കുന്നതിലും, തുടർ നടപടികൾ കൈക്കൊള്ളുന്നതിലും കൂടുതൽ വ്യക്തതയും സുതാര്യതയും കാര്യക്ഷമതയും ഉണ്ടാകുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച വ്യക്തമായ നിർദ്ദേശങ്ങൾ 02.12.2015ലെ 12900/ആർ.എ1/2015/ തസ്വഭവ നമ്പർ സർക്കുലർ പ്രകാരവും തദ്ദേശ സ്വയംഭരണ വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് പെർമിറ്റുകൾ

അനുവദിച്ചിട്ടുള്ളത് സമയക്രമം പാലിക്കാതെയാണ്. 2017-18 സാമ്പത്തിക വർഷത്തിലെ ആദ്യ 50 അപേക്ഷകളിൽ നിന്നു തന്നെയുള്ള ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഫയൽ നം/ അപേക്ഷിച്ച തിയ്യതി | പെർമിറ്റ് നം./ തിയ്യതി |
|---|---|---|
| 1 | 2188/28-4-17 | A3-2188/22-5-17 |
| 2 | 3497/24-7-17 | A3-3497/21-8-17 |
| 3 | 3823/14-8-17 | A3-3823/21-11-17 |
| 4 | 3973/14-8-17 | A3-3973/10-1-18 |
| 5 | 4192/13-9-17 | A3-4192/2-11-17 |
| 6 | 3913/14-8-17 | A3-3913/10-10-17 |
| 7 | 4460/23-9-17 | A3-4460/8-11-17 |
| 8 | 5090/30-10-17 | A3-5090/22-1-18 |
| 9 | 5545/24-11-17 | A3-5545/23-3-18 |

സമയക്രമം പാലിക്കാത്തതിന്റെ കാരണം വിശദമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്റെ (നം.24, തിയ്യതി-24-1-2019) മറുപടിയിൽ. അസി.എഞ്ചിനീയർക്ക് 2 പഞ്ചായത്തുകളിൽ ചാർജ് ഉള്ളതിനാൽ ഫയൽ അന്വേഷണത്തിന് കൈമാറുമ്പോഴുണ്ടാകുന്ന കാലതാമസമാണ് സമയക്രമം പാലിക്കാൻ കഴിയാതിരുന്നത് എന്ന് അറിയിച്ചിട്ടുണ്ട്. അപേക്ഷയിൽ നടപടി സ്വീകരിക്കുന്നതിൽ കാലതാമസമുണ്ടെങ്കിൽ ആയതിന്റെ കാരണം രജിസ്റ്ററിലും

ഫയലിലും വ്യക്തമായിരിക്കേണ്ടതാണ്. യഥാസമയം അപേക്ഷകന് നോട്ടീസ് നൽകേണ്ടതും ആയതിന്റെ പകർപ്പ് ഫയലിൽ സൂക്ഷിക്കേണ്ടതുമാണ്. നോട്ടീസ് സംബന്ധിച്ച് ഫയലിലെ നോട്ട് ഭാഗത്തും, കെട്ടിട നിർമ്മാണ രജിസ്റ്ററിലും രേഖപ്പെടുത്തലുകൾ ഉണ്ടായിരിക്കേണ്ടതാണ്. എല്ലാ മാസവും സെക്രട്ടറിയോ ചുമതലപ്പെടുത്തിയ മറ്റ് ഉദ്യോഗസ്ഥരോ രജിസ്റ്റർ പരിശോധിക്കേണ്ടതും വിവരങ്ങൾ പൂർണമായി രേഖപ്പെടുത്തിയിട്ടുണ്ടെന്നും രജിസ്റ്ററിലെ ക്രമപ്രകാരം അപേക്ഷകളിൽ നടപടി സ്വീകരിക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-9 പണം പിരിവ് - അക്കൗണ്ടിംഗ് - തുക അടവാക്കൽ നടപടിക്രമങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്

### എ) മാന്വൽ രസീതികൾ സാംഖ്യയിൽ ഇന്ററപ്റ്റഡ് ആയി ചേർക്കുന്നതിലെ അപാകതകൾ പരിഹരിക്കേണ്ടതാണ്

മാന്വൽ രസീതി പുസ്തകങ്ങളുടെ പരിശോധനയിൽ വിവിധ രസീതി പുസ്തകങ്ങളിലൂടെ വിവിധ ദിവസങ്ങളിൽ താഴെ പറയുന്ന തുകകൾ വരവുണ്ട്. ഹാജരാക്കിയ ഡേ ബുക്കുകൾ പരിശോധിച്ചതിൽ തുകകൾ അതേ ദിവസത്തിൽ ഇന്ററപ്റ്റഡ് ആയി ചേർത്തിട്ടില്ല എന്ന് ബോധ്യപ്പെട്ടു തിയ്യതിയും തുകയുടെ വിവരങ്ങളും താഴെ ചേർക്കുന്നു.

| ക്രമ നം. | തിയ്യതി | വരവ് തുക |
|---|---|---|
| 1 | 22-3-18 | 2609 |
| 2 | 17-3-18 | 3115 |

| | | |
|---|---|---|
| 3 | 16-3-18 | 1679 |
| 4 | 15-3-18 | 1953 |
| 5 | 30-6-18 | 2777 |
| 6 | 28-6-18 | 3180 |

മേൽ വരവു തുകകൾ ചില ദിവസങ്ങളിൽ ക്ലർക്കിന്റെ പേരിൽ വരവു രേഖപ്പെടുത്തി ബാങ്കിൽ അടവു വരുത്തുകയും മറ്റു ദിവസങ്ങളിൽ ഡേ ബുക്കിൽ വരവു രേഖപ്പെടുത്താതെ ബാങ്കിൽ അടവാക്കുകയുമാണ് ചെയ്തു വന്നിട്ടുള്ളത്. വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്റെ മറുപടിയിൽ ക്രമ നം .1 മുതൽ 4 വരെയുള്ളവ ഇന്ററപ്റ്റഡ് രസീത് ചെയ്തിട്ടുണ്ട് എന്നാണ്. എന്നാൽ ഹാജരാക്കിയ ഡേ ബുക്കുകൾ പരിശോധിച്ചതിൽ ഇവ '1' ൽ തുടങ്ങുന്ന രസീതി ആയി കളക്ഷൻ ക്ലാർക്കിന്റെ പേരിൽ വരവു വെച്ചിട്ടുള്ളതായാണ് കാണുന്നത്. ക്രമ നം. 5, 6 എന്നീ ദിവസങ്ങളിലെ വരവ് സാംഖ്യയിൽ ഇന്ററപ്റ്റഡ് റസീപ്റ്റ് ആയി ചേർത്തിട്ടുള്ളത് 22-8-2018 – ലാണ് എന്നാണ് മറുപടിയിൽ രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ 22-8-2018 ലെ ഡേ ബുക്ക് ഹാജരാക്കിയതിലെ പ്രകാരം ഇന്ററപ്റ്റഡ് റസീപ്റ്റ് തുക ആകെ 5503 രൂപയും ക്രമ നം. 5, 6 എന്നീ ദിവസങ്ങളിലെ വരവ് തുക ആകെ 5957 രൂപയുമാണ്. ആയത് പൊരുത്തപ്പെടുന്നില്ല. രസീതി ബുക്കുകളിലൂടെയുള്ള കളക്ഷൻ മുതൽ ഇവ സാംഖ്യയിൽ അക്കൗണ്ടു ചെയ്യപ്പെടേണ്ട നടപടിക്രമങ്ങൾ കൃത്യമായി പാലിക്കുന്നതിനും ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ ആയതിൽ വീഴ്ച വരുത്താതെ തുടർന്നു വരുന്നുണ്ടെന്നത് പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതുമാണ്.

ബി) ഡേ ബുക്ക് പ്രകാരം ലഭ്യമായ തുകയും ബാങ്കിൽ വരവു വെച്ച തുകയും പൊരുത്തപ്പെടുന്നില്ല

27-6-2018, 30-6-2018 എന്നീ തിയ്യതികളിൽ ഡേ ബുക്കു പ്രകാരമുള്ള വരവിനേക്കാൾ കുറവു തുകയാണ് ബാങ്കിൽ അടവാക്കിയിട്ടുള്ളത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| വരവ് തിയ്യതി (ഡേ ബുക്ക്) | വരവ് തുക | ബാങ്കിൽ അടച്ച തിയ്യതി | ബാങ്കിൽ അടച്ച തുക | വ്യത്യാസം |
|---|---|---|---|---|
| 27-6-18 | 27951 | 28-6-18 | 18650 | (-)9301 |

| | | | | |
|---|---|---|---|---|
| 30-6-18 | 5787 | 2-7-18 | 5338 | (-)449 |

മേൽ പട്ടികയിൽ സൂചിപ്പിച്ച പ്രകാരമുള്ള വ്യത്യാസത്തിനു പുറമേ ബാങ്ക് പാസ് ബുക്ക പ്രകാരം 26-6-2018 ൽ 7751 രൂപയും 27-6-2018 ൽ 14648 രൂപയയും ബാങ്കിൽ അടവാക്കിയിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത തുകകൾ ഏതെല്ലാം ദിവസങ്ങളിലെ വരവാണ് എന്ന് വ്യക്തമാക്കുന്നതിനും, മേൽ അപാകതകൾക്കുള്ള വിശദീകരണം ലഭ്യമാക്കുന്നതിനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്റെ (നം.13, തിയ്യതി-22-3-2019) മറുപടിയിൽ ഇപ്രകാരമാണ് അറിച്ചിട്ടുള്ളത് "25-6-2018 മുതൽ 30-6-2018 വരെ ഫ്രണ്ട് ഓഫീസ് സാംഖ്യ സംവിധാനം തകരാറിൽ ആയതിനാൽ ഫ്രണ്ട് ഓഫീസിലെ വരവ്, ഔട്ട് ഡോർ കളക്ഷൻ എന്നിവ ഡേ ബുക്കിൽ വരാത്തതുമൂലം ബാങ്കിൽ നേരിട്ട് അടവാക്കുകയാണ് ഉണ്ടായത്". തകരാറിലായ ദിവസങ്ങളിലെ വരവും ബാങ്കിൽ അടവാക്കിയതിന്റെ വിശദാംശങ്ങളും താഴെ പറയും പ്രകാരമാണെന്ന് അറിയിച്ചിട്ടുണ്ട്.

| തിയ്യതി | ഡേ ബുക്ക് പ്രകാരം വരവ് | ബാങ്കിൽ അടച്ച തുക | ബാങ്കിൽ അടച്ച തിയ്യതി |
|---|---|---|---|
| 25-6-2018 | 6271 | 7751 | 26-6-2018 |
| 26-6-2018 | 4102 | 14648 | 27-8-2018 |
| 27-6-2018 | 27951 | 18650 | 28-6-2018 |
| 27-6-2018 (Office Receipt) | 2725 | - | - |
| 28-6-2018 (Office Receipt) | 17165 | 20345 | 30-6-2018 |
| 28-6-2018 (Out door) | 3180 | - | - |
| ആകെ | 61394 | 61394 | |

ആദ്യ പട്ടികയിൽ സൂചിപ്പിച്ച അപാകതകളിൽ 30-6-2018 ലെ 449 രൂപയുടെ വ്യത്യാസം മാത്രമാണ് നിലനിൽക്കുന്നത്. ആയത് പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള സാഹചര്യങ്ങളിൽ അതാതു ദിവസങ്ങളിലെ വരവുകൾ ബാങ്കിൽ അടവാക്കുന്നതിന്റെ വിവരങ്ങൾ വിശദമായ കുറിപ്പു സഹിതം രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. മേൽ അപാകതകൾ പരിശോധിച്ച് തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-10 ഓഡിറ്റ് പരാമർശങ്ങളിൽ തുടർനടപടികൾ സ്വീകരിക്കാത്തത് സംബന്ധിച്ച്

നിഷ്ക്രിയ അക്കൗണ്ടുകൾ അവസാനിപ്പിക്കുന്നതിനും, തനതു വരുമാനം ഒറ്റ ബാങ്ക് അക്കൗണ്ടിൽ മാത്രം സൂക്ഷിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് മുൻ വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ നിർദ്ദേശങ്ങൾ ഉണ്ടായിട്ടും യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിൽ തനത് വരുമാനം സൂക്ഷിക്കാൻ ട്രഷറി അക്കൗണ്ടിന് പുറമെ 3 ബാങ്ക് അക്കൗണ്ടുകൾ നിലനിർത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ബാങ്കിന്റെ പേര് | അക്കൗണ്ട് നമ്പർ | വാർഷിക കണക്ക് പ്രകാരമുള്ള നീക്കിയിപ്പ് |
|---|---|---|---|
| 1 | എസ്.ബി.ടി - OWN FUND | 57046740417 | ₹94994491 |
| 2 | യൂണിയൻ ബാങ്ക് - OWN FUND | 260276270 | ₹ 1947200 |
| 3 | സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക് - OWN FUND | 2223 | ₹ 8723 |

ഗ്രാമപഞ്ചായത്ത് വ്യത്യസ്ത ആവശ്യങ്ങൾക്ക് വേണ്ടി മുൻവർഷങ്ങളിൽ ആരംഭിച്ചതും എന്നാൽ കാലാകാലങ്ങളായി ഇടപാടുകൾ ഇല്ലാത്തതുമായ 3 ബാങ്ക് അക്കൗണ്ടുകൾ ക്ലോസ് ചെയ്യാതെ അവശേഷിക്കുന്നുണ്ട്. അവയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ബാങ്ക് | അക്കൗണ്ട് നം. | എ.എഫ്.എസ് പ്രകാരം അവശേഷിക്കുന്ന തുക |
|---|---|---|---|
| 1 | കനറാബാങ്ക്, | 0832101008979 | ₹ 9135 |

| | | | |
|---|---|---|---|
| | (സാക്ഷരത) | | |
| 2 | പഴമ്പാലക്കോട് സർവീസ് കോപ്പറേറ്റീവ് ബാങ്ക്<br><br>(ഇ.എം.എസ് ഭവന പദ്ധതി) | 5199 | ₹ 100 |
| 3 | പഴമ്പാലക്കോട് സർവീസ് കോപ്പറേറ്റീവ് ബാങ്ക്<br><br>വാട്ടർ ഷെഡ് പ്രോഗ്രാം | 4322 | ₹ 76759 |

തനതു വരുമാനം സൂക്ഷിക്കുന്നതിന് സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം ഒറ്റ ബാങ്ക് അക്കൗണ്ട് നിലനിർത്തുന്നതിനും, നിഷ്ക്രിയ അക്കൗണ്ടുകൾ ക്ലോസ് ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം.24, തിയ്യതി-24-1-2019)

# 2-11 ബജറ്റ് നടപടിക്രമങ്ങൾ കാര്യക്ഷമമാക്കേണ്ടതാണ്

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 214 അനുസരിച്ച് തയ്യാറാക്കിയിട്ടുള്ള ഗ്രാമപഞ്ചായത്തിന്റെ ബജറ്റ് 30-3-2017 ലെ തീരുമാനം 1 അനുസരിച്ച് അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് തയ്യാറാക്കുന്നതിലെ കാര്യക്ഷമത വിലയിരുത്തിയതിന്മേലുള്ള നിരീക്ഷണങ്ങളും നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു.

1. നോൺ പ്ലാൻ എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിനായി വിവിധ ഘടക സ്ഥാപന മേധാവികളുടെ യോഗം സെക്രട്ടറി ബജറ്റിനു മുമ്പായി വിളിച്ചു ചേർക്കേണ്ടതാണ്. ബജറ്റ് ഒഴികെ ബജറ്റ് നടപടിക്രമങ്ങളുടെ യാതൊരു രേഖകളും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ഇതു സംബന്ധിച്ചുള്ള ഓഡിറ്റ് അന്വേഷണത്തിന് (നം.24/24-1-2019) മറുപടി ലഭ്യമാക്കിയിട്ടില്ല. ജനുവരി 15 ന് മുമ്പ് വിവിധ സ്റ്റാന്റിങ്ങ് കമ്മിറ്റികൾ എസ്റ്റിമേറ്റുകളും നിർദ്ദേശങ്ങളും പരിഗണിച്ചുകൊണ്ട് ബജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കി ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതായിട്ടുണ്ട്. വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ ക്രോഡീകരിച്ച

നൽകുന്ന നോൺ പ്ലാൻ പ്രൊപ്പോസലുകൾ ഉപയോഗപ്പെടുത്തിയാണ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ബജറ്റിലേക്കുള്ള അന്തിമ നോൺ പ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് എന്നിരിക്കെ എല്ലാ സ്റ്റാന്റിംഗ് കമ്മിറ്റികളുടേയും സഹകരണം ഉറപ്പാക്കേണ്ടത് അനിവാര്യമാണ്. വാർഷിക ബജറ്റിൽ ആവശ്യമായ തുക വകയിരുത്താതെ പോകുന്നതിനും യഥാർത്ഥത്തിൽ ആവശ്യമായ തുക ചെലവഴിക്കുവാൻ സാധിക്കാതെ പോകുന്നതിനും ബജറ്റ് നടപടിക്രമങ്ങളിലെ പാളിച്ച കാരണമാകുന്നതാണ്. എല്ലാ ഘടകസ്ഥാപനങ്ങളുടേയും ആവശ്യകത വിലയിരുത്തിയതിനുശേഷം മാത്രം ബജറ്റ് തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതുണ്ട്. പ്ലാൻ, നോൺ പ്ലാൻ എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിലെ നടപടിക്രമങ്ങൾ കാര്യക്ഷമമാക്കേണ്ടതാണ്.

2. പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ കാര്യക്ഷമമാക്കേണ്ടതാണ്.

3. ബജറ്റിൽ എല്ലാ വരവ്-ചെലവിനങ്ങളും ഉൾപ്പെട്ടുവെന്നും ലഭ്യമാകുവാനുള്ള എല്ലാ തുകകളും ഉൾപ്പെടുത്തിയിട്ടുണ്ടെന്നും ഉറപ്പാക്കേണ്ടത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയാണ്. അലോട്ട്മെന്റുകൾ നൽകുമ്പോൾ ആയത് ബജറ്റിന് അനുസൃതമാണെന്ന് അക്കൗണ്ടന്റും സെക്രട്ടറിയും ഉറപ്പാക്കേണ്ടതാണ്. ബജറ്റ് നിയന്ത്രണത്തിനായി ഭരണതലത്തിലും ഉദ്യോഗസ്ഥതലത്തിലും ഉള്ള സഹകരണം കുറേക്കൂടി കാര്യക്ഷമമാക്കേണ്ടതാണ്.

തുടർ വർഷത്തെ ബജറ്റ് തയ്യാറാക്കുന്നതിൽ സ.ഉ(ആർ.ടി)നം.3291/2016/LSGD തിയതി 02-12-2016 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായി സർക്കാർ അംഗീകരിച്ചിട്ടുള്ള ബജറ്റ് മാന്വലിലെ നടപടിക്രമങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 കുടിവെള്ള പദ്ധതിയുടെ മോട്ടോർ ഷെഡ്ഡിന് അധിക നിരക്ക് അനുവദിച്ചു

2016-17 സാമ്പത്തിക വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി തയ്യാറാക്കിയതും

2017-18 ലെ സ്പിൽ ഓവറായി നടപ്പാക്കിയതുമായ താഴെ പറയുന്ന കുടിവെള്ള പദ്ധതികളുടെ മോട്ടോർ ഷെഡ്ഡിന് അനുവദനീയമായതിനേക്കാൾ കൂടുതൽ തുക നൽകിയതായി കാണുന്നു.

നിരീക്ഷണ ഡാറ്റാ പ്രകാരം 1.5m X 1.5m വലുപ്പമുള്ള ഷെഡ്ഡിന് 29999.74 രൂപയും 2m X 2m വലുപ്പമുള്ള ഷെഡ്ഡിന് 35000 രൂപയുമാണ് അനുവദനീയമായ നിരക്ക്. എന്നാൽ 2m X 2m വലുപ്പമുള്ള ഷെഡ്ഡ് നിർമ്മിച്ചു എന്ന് എം. ബുക്കിൽ രേഖപ്പെടുത്തുകയും 35000 രൂപ അനുവദിക്കുകയും ചെയ്ത താഴെ പറയുന്ന കുടിവെള്ള പദ്ധതികൾ പ്രാദേശിക പരിശോധനയ്ക്ക് വിധേയമാക്കിയപ്പോൾ 1.5m X 1.5m വലുപ്പമുള്ള ഷെഡ്ഡാണ് നിർമ്മിച്ചിട്ടുള്ളത് എന്ന് ബോധ്യമായി.

| പദ്ധതി | ആങ്കര താഴ്ഭാഗം കുടിവെള്ള പദ്ധതി | തോണിപ്പാടം-ചാപ്ര കുടിവെള്ള പദ്ധതി | നെല്ലിപ്പാടം കാരമല കുടിവെള്ള പദ്ധതി |
|---|---|---|---|
| പ്രൊ.നം. | 177/17, 206/18 | 164/17, 197/18 | 163/17, 196/18 |
| അടങ്കൽ | 300000 | 250000 | 490000 |
| ചെലവ് | 300000 | 250000 | 489813 |
| ബിൽ നം./ ചെക്ക് നം. | 22/17-18 /29.7.2017 | 9200289/ 22.11.2017 | 2251261/ 30.1.2018 |
| കരാറുകാരൻ | ഹക്കിം.എൻ | ഹക്കിം.എൻ | ഹക്കിം.എൻ |
| എം.ബുക്ക് നം. | 59/16-17 | 65/16-17 | 18/17-18 |
| ഫണ്ട് | സി.എഫ്.സി | തനതുഫണ്ട് | തനതു ഫണ്ട് |
| അനുവദിച്ച നിരക്ക് | 35000 | 35000 | 35000 |

| | | | |
|---|---|---|---|
| അനുവദിക്കാവുന്ന നിരക്ക് | 29996 | 29996 | 29996 |
| അധികം അനുവദിച്ചതുക | 5004 | 5004 | 5004 |

അനുവദനീയമായതിൽ കൂടുതലായി നൽകിയ 15012 രൂപ ഉത്തരവാദിയിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ17/19 തീ. 24.1.2019 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ തുക കരാറുകാരനിൽ നിന്നും ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

# 3-2 ക്വാറിമക്ക് നിരത്തിയ ഭാഗത്ത് സെക്ഷനിങ്ങിന് തുക അനുവദിച്ചു

റോഡ് കോൺക്രീറ്റിങ് പ്രവൃത്തിചെയ്യുന്നതിനു വേണ്ടി 37 മീറ്റർ നീളം 57.25$m^2$ വെള്ളക്കെട്ടുള്ള സ്ഥലം നിരപ്പാക്കാൻ 9.84$m^3$ ക്വാറിമക്ക് ഉപയോഗിച്ചതിന് 892.4/$m^3$ നിരക്കിൽ 8781.2 രുപ അനുവദിച്ചിട്ടുണ്ട്. എന്നാൽ ഈ ഭാഗം ഉൾപ്പെടെ 71.5 മീറ്റർ നീളം 106 $m^2$ വിസ്തീർണ്ണത്തിൽ സെക്ഷനിങ് നടത്തിയതിന് 19.56/$m^2$ നിരക്കിൽ 2073.36 രൂപ അനുവദിച്ചിട്ടുണ്ട്. ക്വാറി മക്ക് നിരത്തിയ ഭാഗം കൂടി സെക്ഷനിൽ ഉൾപ്പെടുത്തി തുക അനുവദിച്ചതുവഴി 1120 രൂപ (57.25X19.56= 1120) അധികം അനുവദിച്ചത് ക്രമപ്രകാരമല്ല. വിശദവിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| പദ്ധതി | കുട്ടൻകോട് വയ്യാട്ടുകോളനിറോഡ് കോൺക്രീറ്റിങ് |
| പ്രൊജക്റ്റ് നം. | 107/18 |
| അടങ്കൽ | 200000 |
| ചെലവ് | 196664 |
| ബിൽ നം. | 86/17-18/17.3.2018 |
| കരാറുകാരൻ | അബ്ദുൾ റഹ്മാൻ.സി |
| എം.ബുക്ക് നം. | 27/17-18 |

ഇതു സംബന്ധിച്ച് നൽകിയ 21/19 തീ. 24.1.2019 നമ്പർ ഓഡിറ്റ് അന്വേഷണത്തിന്

ലഭ്യമാക്കിയ മറുപടിയിൽ തുക കരാറുകാരിൽ നിന്നും ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 3-3 സേവന നികുതി ഒടുക്കിയതിന്റെ രശീതി ഹാജരാക്കാതെ തുക അനുവദിച്ചു

2016-17 ലെ സ്പിൽ ഓവർ പ്രവൃത്തിയായ അത്തിപ്പൊറ്റ ജൈവ പച്ചക്കറി മാർക്കറ്റ് ബിൽഡിങ് അടിസ്ഥാന സൗകര്യം ഒരുക്കൽ എന്ന പ്രവൃത്തിക്കുവേണ്ടി പ്രവൃത്തി മൂല്യത്തോടൊപ്പം 10.5% സേവന നികുതി കൂടി ഉൾപ്പെടുത്തിയാണ് കരാറുകാരന് തുക അനുവദിച്ചിട്ടുള്ളത്. എന്നാൽ കരാറുകാരൻ സേവന നികുതി ഒടുക്കിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| പദ്ധതി | അത്തിപ്പൊറ്റ ജൈവ പച്ചക്കറി മാർക്കറ്റ് ബിൽഡിങ് അടിസ്ഥാന സൗകര്യം ഒരുക്കൽ |
| പ്രൊ.നം. | 115/17 |
| അടങ്കൽ | 70000 |
| ചെലവ് | 70000 |
| ബിൽ നം. | 3/17-18/23.6.2017 |
| കരാറുകാരൻ | തങ്കപ്പൻ.കെ.സി |
| എം.ബുക്ക് നം. | 13/16-17 |
| പ്രവൃത്തി മൂല്യം | 63855.18 |
| സേവന നികുതി | 6704.79 |
| ആകെ | 70559.97 |

സേവന നികുതി കൂടി ഉൾപ്പെടുത്തിയ തുക 70000/-രൂപയിൽ ലിമിറ്റ് ചെയ്ത് കരാറുകാരന് അനുവദിച്ചിട്ടുണ്ട്. സേവന നികുതി ഇനത്തിൽ അനുവദിച്ച 6705/-രൂപ

ഉത്തരവാദിയായവരിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ 20/19 തീ. 24.1.2019 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ തുക കരാറുകാരനിൽ നിന്നും ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 3-4 നീക്കം ചെയ്ത പഴയ ടാങ്ക് തിരികെ പഞ്ചായത്തിൽ ഏല്പിച്ചിട്ടില്ല

പൊട്ടൻചിറ അഴുവക്കോട് കുടിവെള്ള പദ്ധതിയിലെ 5000 ലിറ്റർ പഴയ ടാങ്ക് മാറ്റി പുതിയ ടാങ്ക് സ്ഥാപിക്കുന്ന പ്രവൃത്തി എം.ബുക്കിലെ ഇനം 5 പ്രകാരം നടപ്പിലാക്കുകയും ആയതിന് 10.16/ലിറ്റർ നിരക്കിൽ 50800/- രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പഴയ ടാങ്ക് പഞ്ചായത്തിൽ തിരികെ ലഭ്യമാക്കിയിട്ടില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| പദ്ധതി | പൊട്ടൻചിറ അഴുവക്കോട് കുടിവെള്ള പദ്ധതി പൈപ്പ്ലൈൻ |
| പ്രൊ.നം. | 73/18 |
| അടങ്കൽ | 300000 |
| ചെലവ് | 300000 |
| ബിൽ നം. | 76/17-18/14.3.2018 |
| കരാറുകാരൻ | ഹക്കീം |
| എം.ബുക്ക് നം. | 24/17-18 |

ഇതു സംബന്ധിച്ച് നൽകിയ 19/19 തീ. 24.1.2019 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ ടാങ്ക് പഞ്ചായത്തിൽ തിരികെ ഏല്പിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ടാങ്ക് പരിശോധനാ വിധേയമാക്കി ഉപയോഗപ്രദമാക്കാൻ കഴിയുന്നപക്ഷം ഉപയോഗപ്പെടുത്തേണ്ടതും അല്ലാത്തപക്ഷം ലേലം ചെയ്ത് ഒഴിവാക്കേണ്ടതുമാണ്.

# 3-5 പട്ടികജാതി വികസന ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികൾ കോളനിക്കു പുറത്ത് നിർവ്വഹിച്ചു

പട്ടികജാതി വികസന ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികൾ കോളനികളിൽ മാത്രമേ നിർവ്വഹിക്കാൻ പാടുള്ളൂ എന്ന് പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ ആദ്യ വാർഷിക പദ്ധതി മാർഗ്ഗരേഖ നം.72/2017/ത.സ്വ.ഭ.വ തീ.29.3.2017 ൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ താഴെ പറയുന്ന പ്രവൃത്തികളുടെ ഭൂരിപക്ഷവും കോളനിക്കു പുറത്താണെന്ന് 23.1.2019 ന് എൽ.എസ്.ജി.ഡി ഓവർസീയറുടെ സാന്നിധ്യത്തിൽ നടത്തിയ പ്രാദേശിക പരിശോധനയിൽ ബോധ്യമായി.വിശദവിവരം താഴെ കൊടുക്കുന്നു.

| പദ്ധതി | കുന്നംപുറം എസ്.സി കോളനി റോഡ് മെറ്റലിങ് & ടാറിങ് | ആലിങ്കൽ പറമ്പ് എസ്.സി കോളനി റോഡ് റീ ടാറിങ് |
|---|---|---|
| പ്രൊ.നം. | 89/17 | 111/18 |
| അടങ്കൽ | 200000 | 500000 |
| ചെലവ് | 200000 | 499621 |
| ബിൽ നം. | 26/17-18/11.8.2017 | 87/17-18/20.3.2018 |
| കരാറുകാരൻ | ചെന്താമരക്കണ്ണൻ | സുരേഷ് കുമാർ.എ.എൻ |
| എം.ബുക്ക് നം. | 45/16-17 | 40/17-18 |

ഇതു സംബന്ധിച്ച് നൽകിയ 18/19 തീ.24.1.2019 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കില്ലെന്ന് അറിയിച്ചിട്ടുണ്ട്. കോളനിവാസികളുടെ ആവശ്യകത അനുസരിച്ചും കോളനിക്കകത്ത് പ്രവൃത്തി ഒതുക്കുന്നതിന് ആവശ്യമായ ഫണ്ട് മാത്രം വകയിരുത്തിയും പ്രൊജക്ട് ആവിഷ്കരിക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

# 3-6 വൃദ്ധസദനം നിഷ്ക്രിയ ആസ്തിയായി അവശേഷിക്കുന്നു

2008-09 സാമ്പത്തിക വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണം പൂർത്തിയാക്കുകയും 28.11.2019 ൽ ഉദ്ഘാടനം നിർവ്വഹിക്കപ്പെടുകയും ചെയ്ത വൃദ്ധസദനം കെട്ടിടം നാളിതുവരെ ഉപയോഗപ്പെടുത്തിയിട്ടില്ല. 2017-18 സാമ്പത്തിക വർഷത്തിൽ ഇവയുടെ അറ്റകുറ്റപ്പണികൾക്കായി 3,63,295/- രൂപ ചെലവഴിച്ചിട്ടുണ്ട്.

15 വീടുകൾ മാത്രം സ്ഥിതിചെയ്യുന്നതും ഉൾപ്രദേശത്തുമാണ് വൃദ്ധസദനത്തിനു വേണ്ടിയുള്ള കെട്ടിടം പണികഴിപ്പിച്ചിട്ടുള്ളത്. വൃദ്ധസദനമായി പ്രവർത്തിപ്പിക്കാൻ യാതൊരു സാധ്യതയും ഇല്ലാത്ത പ്രദേശത്ത് ഇതിനുവേണ്ടി പദ്ധതി ആവിഷ്കരിക്കാൻ ശ്രമിക്കുകയും അറ്റകുറ്റപ്പണികൾക്കായി തുക ചെലവഴിക്കുകയും ചെയ്ത് കെട്ടിടം നിഷ്ക്രിയ ആസ്തിയായി മാറുകയും ചെയ്തത് പദ്ധതി ഫണ്ടിന്റെ ദുരുപയോഗമായി ഓഡിറ്റ് വിലയിരുത്തുന്നു. നിലവിൽ ഗ്രാമസഭ ചേരുന്നതിനു മാത്രമായാണ് കെട്ടിടം ഉപയോഗിക്കുന്നത് എന്ന് പ്രദേശവാസികൾ അറിയിച്ചു.

പ്രദേശവാസികളുടെ ആവശ്യകതകൾ വിലയിരുത്താനും കെട്ടിടം അനുയോജ്യമായ രീതിയിൽ പ്രയോജനപ്പെടുത്താനുമുള്ള നിർദ്ദേശം ബന്ധപ്പെട്ട വർക്കിങ് ഗ്രൂപ്പിൽ നിന്നും ആവശ്യപ്പെട്ട് അതിന്റെ അടിസ്ഥാനത്തിൽ കെട്ടിടം പ്രയോജനപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്. ആവശ്യകതകളും സാധ്യതകളും വിലയിരുത്താതെ പ്രൊജക്റ്റ് ആവിഷ്കരിച്ചു നടപ്പാക്കിയതുകൊണ്ടാണ് ആസ്തികൾ നിഷ്ക്രിയമായി തീർന്നതെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 3-7 മോട്ടോറിന് 18135/HP നിരക്ക് അനുവദിക്കുന്നത്

പഞ്ചായത്ത് തൻവർഷം നടപ്പിലാക്കിയ എല്ലാ കുടിവെള്ളപദ്ധതികളിലും മോട്ടോറുകൾ സ്ഥാപിക്കുന്നതിന് 18135 രൂപ/HP നിരക്കാണ് അനുവദിച്ചിട്ടുള്ളത്. ഇവ തയ്യാറാക്കുന്നതിന് വാട്ടർ അതോറിറ്റി മാനേജിങ് ഡയറക്ടറുടെ 20.12.2011 ലെ KWA/HO/SP/333/2011/Pumps ഉത്തരവുപ്രകാരമുള്ള നിരക്കാണ് സ്വീകരിച്ചിട്ടുള്ളത്. മേൽ ഉത്തരവ് കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കുന്ന പ്രവൃത്തിക്കുവേണ്ടി പുറപ്പെടുവിച്ച ഉത്തരവാണ്. ഇത് തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പ്രവൃത്തികൾക്ക് ബാധകമല്ല.

കുഴൽകിണറിലെ ജലലഭ്യതാ ടെസ്റ്റ് (യീൽഡ് ടെസ്റ്റ്) നടത്തി മോട്ടോർ സ്ഥാപിക്കേണ്ട ആഴം കണക്കിലെടുത്ത് അതിനനുസൃതമായ സ്റ്റേജുള്ള മോട്ടോറാണ് സ്ഥാപിക്കേണ്ടത്. സ്റ്റേജിനനുസരിച്ച് മോട്ടോറിന്റെ വിലയിൽ വ്യക്തമായ വ്യത്യാസം ഉള്ളതിനാൽ ആവശ്യമായ മോട്ടോറിന്റെയും അനുബന്ധ

സാമഗ്രികളുടെയും വില പരിഗണിച്ചുകൊണ്ടുമാത്രമേ കരാറുകാർക്ക് തുക അനുവദിക്കാൻ പാടുള്ളൂ എന്നിരിക്കെ എല്ലാ കുടിവെള്ള പദ്ധതികളിലും സബ്മേഴ്സിബിൾ മോട്ടോറും അനുബന്ധ സാമഗ്രികളും സ്ഥാപിക്കാൻ 18135/HP നിരക്ക്അനുവദിക്കുന്നത് അംഗീകരിക്കാവുന്നതല്ല. ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പദ്ധതിയുടെ പേര് | കിണറിന്റെ ആഴം | മോട്ടോറിന്റെ പവ്വർ | അനുവദിച്ച തുക |
|---|---|---|---|---|
| 1 | നെച്ചൂർ മല്ലൻകുന്ന് കുടിവെള്ള പദ്ധതി (127/17) | 106 m | 7.5 HP | 136013.10 |
| 2 | ചെകിടൻമല മാൻവീണക്കുണ്ട് കുടിവെള്ള പദ്ധതി (128/17) | 122 m | 10 HP | 181350.80 |
| 3 | ആങ്കര കുടിവെള്ള പദ്ധതി(165/17) | 150 m | 5 HP | 90675 |
| 4 | തോണിപ്പാടം-ചാപ്ര കുടിവെള്ള പദ്ധതി ( 164/17) | 114 m | 5 HP | 90675 |
| 5 | നെല്ലിപ്പാടം കാരമല കുടിവെള്ള പദ്ധതി(163/17) | 134 m | 7.5 HP | 136013.10 |

ഇതു സംബന്ധിച്ച് നൽകിയ 26/19 തീ. 25.1.2019 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ ഇക്കാര്യം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതും പരിഹാര മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതുമാണെന്ന് അറിയിച്ചിട്ടുണ്ട്.

## 3-8 ടെന്റർ ഫോറത്തിന്റെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല

പഞ്ചായത്തിലെ വിവിധ പ്രവൃത്തികൾക്കുവേണ്ടിയുള്ള ടെന്റർ ഫോറങ്ങൾ പഞ്ചായത്തിൽ നിന്നും വിതരണം ചെയ്തിട്ടുണ്ടെങ്കിലും അവയുടെ സ്റ്റോക്ക് വിവരങ്ങൾ

പഞ്ചായത്തിലും അസി.എഞ്ചിനീയറുടെ ഓഫീസിലും രജിസ്ററർ തയ്യാറാക്കി സൂക്ഷിക്കുന്നില്ല. അസി.എഞ്ചിനീയർ സൂക്ഷിക്കുന്ന രശീതി പ്രകാരം 2017-18 സാമ്പത്തിക വർഷത്തിൽ 54 പ്രവൃത്തികൾക്കായി 107 ടെന്റർ ഫോറങ്ങൾ വിവിധ കരാറുകാർക്ക് വിതരണം ചെയ്തതായി കണ്ടെത്തിയിട്ടുണ്ട്. നിർവ്വഹിക്കപ്പെടുന്ന പ്രവൃത്തിയുടെ അടങ്കലിനനുസരിച്ച് ഒരു ടെന്റർ ഫോറത്തിന് 2500/- രൂപ വരെ വിലയുണ്ടെന്നിരിക്കെ ഇവയുടെ സ്റ്റോക്ക് കൃത്യമായി രേഖപ്പെടുത്തി വെക്കാത്തത് ഉദ്യോഗസ്ഥരുടെ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ഇതു സംബന്ധിച്ച് നൽകിയ 25/19 തീ. 24.1.2019 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ രജിസ്റ്റർ കൃത്യമാക്കിവെക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. അസി.എഞ്ചിനീയറും സെക്രട്ടറിയും അതത് സ്റ്റോക്ക് രജിസ്റ്ററുകൾ കൃത്യമാക്കിവെക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-9 കറവ പശുവളർത്തൽ - അർഹതയില്ലാത്ത ഗുണഭോക്താവിന് സബ്സിഡി നൽകി

സ.ഉ(എം.എസ്)നം.80/2017/ത.സ്വ.ഭ.വ തീ 03.04.2017 പ്രകാരം പുറപ്പെടുവിച്ച 2017-18 വർഷത്തെ സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 2.15(1) പ്രകാരം സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങളിലെ ജീവനക്കാരെ വരുമാന പരിധി പരിഗണിക്കാതെതന്നെ ബി.പി.എൽ ആയി കണക്കാക്കരുതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയതിന് വിരുദ്ധമായി താഴെ പറയുന്ന പ്രൊജക്ടിൽ സർക്കാർ ജീവനക്കാരൻ ഉൾപ്പെടുന്ന കുടുംബത്തിന് ആനുകൂല്യം നൽകിയിട്ടുണ്ട്.

പ്രോജക്ടിന്റെ പേര് - കറവ പശു വളർത്തൽ -വനിത (ജനറൽ)

പ്രോജക്ട് നമ്പർ - 109/18

അടങ്കൽ - 800000 (വികസന ഫണ്ട്)

- 80000 (ഗുണഭോക്തൃവിഹിതം)

ചെലവ് - 800000

നിർവഹണ ഉദ്യോഗസ്ഥൻ - വെറ്ററിനറി സർജ്ജൻ

ബിൽ നമ്പർ - 5/17-18 തിയതി 28.03.18

മേൽ പ്രൊജക്ടിലെ ഗുണഭോക്താവായ ശ്രീമതി.ദേവകി തൊവരക്കാട് വീട്, പൂവത്തിങ്കൽ തരുർ പശുവിനെ നൽകിയതിന് കെ. നാരായണൻ, കൃഷ്ണാനിവാസ് മണപ്പാടം എന്നയാൾക്ക് 20000/- രൂപ നൽകിയിട്ടുണ്ട്. ടിയാരിയുടെ

റേഷൻകാർഡ് പ്രകാരം (നം. 1950073389) ടിയാരിയുടെ മകൻ സുധീഷ് സർക്കാർ ജീവനക്കാരനാണെന്ന് കാണുന്നു.

സബ്സിഡി മാർഗരേഖയിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ഗുണഭോക്താവിന് ആനുകൂല്യം നൽകിയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.8/22.01.19) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ അനർഹനായ ഗുണഭോക്താവിന് നൽകിയ പ്ലാൻ ഫണ്ട് തുക 20000/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. പ്രസ്തുത തുക ഗുണഭോക്താവിൽനിന്നോ, ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-10 ജവഹർലാൽ നെഹ്റു ജയന്തി യോജന ഭവന പദ്ധതി - ധനസഹായം അധികമായി കൈപ്പറ്റിയ തുക തിരിച്ചടവാക്കിയിട്ടില്ല

താഴെ പറയുന്ന ഗുണഭോക്താവിന് 2016-17 വർഷത്തിൽ ആരംഭിച്ച ജവഹർലാൽ നെഹ്റു ജയന്തി യോജന ഭവന പദ്ധതി പ്രകാരം വ്യക്തിഗത ആനുകൂല്യമായി വകയിരുത്തിയ 200000/-രൂപയിൽ അധികരിച്ച് 20000/-രൂപ അധികമായി ധനസഹായം നൽകുകയും ചെയ്തിട്ടുണ്ട്.

| ക്രമ നം | പ്രൊജക്ട് നം | ഗുണഭോക്താവ് | കരാർ | കൈപ്പറ്റിയ തുക/തീയ്യതി | അക്കൗണ്ട് നം |
|---|---|---|---|---|---|
| 1 | 102/2017-18<br>ജവഹർലാൽ നെഹ്റു ജയന്തി യോജന ഭവന പദ്ധതി-ജനറൽ | മോഹനൻ.s/o ലോറൻസ്<br>മരുതക്കോട് വീട്, തോണിപ്പാടം വാവുള്ള്യാപുരം | 25.11.16 | 1) 20000 /12.01.17<br>2)60000 /29.03.17<br>3) 60000/ 21.03.18<br>4)80000/ 22.03.18<br>ആകെ | 4292001 700054220 |

| | | | | | | |
|---|---|---|---|---|---|---|
| | | | | 220000 | | |

പദ്ധതിയിൽ വകയിരുത്തിയ സബ്സിഡി തുകയിൽ അധികരിച്ച് 20000/- രൂപ അധിക ധനസഹായം നൽകിയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം 16/19.01.2019) സ.ഉ.(എം എസ്) നം.196/2017 /ത.സ്വ.ഭ.വ തീ.11.10.2017 പ്രകാരം ലൈഫ് മിഷൻ മുഖാന്തിരം പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ ഗുണഭോക്താക്കൾക്ക് അധിക ധനസഹായം നൽകുന്ന ലിസ്റ്റിൽ ടിയാൻ ഉൾപ്പെട്ടിരുന്നില്ലെന്നും, തുക തിരിച്ചടവാക്കുന്നതിന് ടിയാന് നോട്ടീസ് നൽകിയിട്ടുണ്ടെന്നും സാമ്പത്തിക പ്രയാസമുള്ളതു കൊണ്ട് തുക തിരിച്ചടവാക്കുന്നതിന് പ്രയാസമുണ്ടെന്ന് ടിയാൻ മറുപടി നൽകിയെന്നും ഇക്കാര്യം ഭരണസമിതിയുടെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ടെന്നും മറുപടി നൽകിയിട്ടുണ്ട്. ആയതിനാൽ അധികം നൽകിയ 20000/-രൂപ ഗുണഭോക്താവിൽനിന്നോ, ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-11 ജവഹർലാൽ നെഹ്റു ജയന്തി യോജന ഭവന പദ്ധതി - ധനസഹായം കൈപ്പറ്റിയതിന് ശേഷം പ്രവൃത്തി പൂർത്തീകരിക്കുകയോ, തുക തിരിച്ചടവാക്കുകയോ ചെയ്തിട്ടില്ല

താഴെ പറയുന്ന ഗുണഭോക്താക്കൾ 2016-17 വർഷത്തിൽ ആരംഭിച്ച ജവഹർലാൽ നെഹ്റു ജയന്തി യോജന ഭവന പദ്ധതിയിൽ ഗ്രാമപഞ്ചായത്തുമായി കരാറിൽ ഏർപ്പെടുകയും ഭവന നിർമ്മാണ പ്രവൃത്തിയുടെ ധനസഹായം കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്.

| ക്രമ നം | പ്രൊജക്ട് നം | ഗുണഭോക്താവ് | കരാർ | കൈപ്പറ്റിയ തുക/ തീയ്യതി | അക്കൗണ്ട് നം |
|---|---|---|---|---|---|
| 1 | 102/2017-18 ജവഹർലാൽ | സൗമ്യ.w/o രാധാകൃഷ്ണൻ, | 04.11.16 | 20000 /31.12.16 | 0832101018608 |

| | | | | | |
|---|---|---|---|---|---|
| | | ഇല്ലിക്കൽ വീട് കിഴക്കുമുറി, പഴമ്പാലക്കോട് | | | |
| 2 | നെഹ്രു ജയന്തി യോജന ഭവന പദ്ധതി-ജനറൽ | ആസ്യW/o ദാവൂദ് മല്ലൻപറമ്പ് വീട് പഴമ്പാലക്കോട് | 09.11.16 | 1)20000 /31.12.16<br>2)60000/ 20.06.17<br>ആകെ 80000/- | 0832101016994 |

ഗുണഭോക്താക്കൾ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുമായി ചമച്ച കരാറിൽ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവൃത്തി പൂർത്തിയാക്കുമെന്നും അല്ലാത്തപക്ഷം കൈപ്പറ്റിയ തുക 18% പലിശ സഹിതം തിരികെ നൽകാൻ ബാധ്യസ്ഥനാണെന്നും അല്ലാത്തപക്ഷം തങ്ങളുടെ സ്ഥാവരജംഗമ സ്വത്തുക്കളിൽ നിന്നോ, അനന്തരാവകാശികളിൽനിന്നോ റവന്യ റിക്കവറി നടപടികളിലൂടെ ഈടാക്കുന്നതിന് സമ്മതിച്ചിട്ടുണ്ട്. ആയതിനാൽ പ്രസ്തുത ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തിയാക്കുന്നതിനോ, പൂർത്തിയാക്കാത്ത പക്ഷം തുക തിരികെ ഈടാക്കുന്നതിനുമായി സ്വീകരിച്ച തുടർ നടപടികൾ അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.15/23.01.19) ഭവന നിർമ്മാണം പൂർത്തിയാക്കുന്നതിന് പ്രസ്തുത ഗുണഭോക്താക്കൾക്ക് 24.07.18, 24.09.18 എന്നീ തിയ്യതികളിൽ നോട്ടീസ് നൽകുകയും ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തിയാക്കുന്നതിന് വിമുഖത കാണിക്കുകയും ഭരണസമിതിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ടി ഗുണഭോക്താക്കൾക്ക് തുക തിരിച്ചടക്കുന്നതിന് രജിസ്റ്റേഡ് ആയി നോട്ടീസ് നൽകിയിട്ടുണ്ടെന്ന് മറുപടി നൽകിയിട്ടുണ്ട്. ആയതിനാൽ ഗുണഭോക്താക്കളിൽ നിന്ന് സെക്രട്ടറിയുമായി ചമച്ച കരാർ പ്രകാരം റവന്യ റിക്കവറി നടപടികളിലൂടെ തുക തിരികെ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-12 കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ടെണ്ടർ ഒഴിവാക്കിയതുമൂലം 11030/-രൂപയുടെ നഷ്ടം

പ്രോജക്റ്റിന്റെ പേര് - ഗവ.ആയുർവേദ,ഹോമിയോ ഡിസ്പെൻസറികൾക്ക്

ഫർണീച്ചർ വാങ്ങൽ

പ്രോജക്റ്റ് നമ്പർ - 28/18

അടങ്കൽ – 60000 (വികസന ഫണ്ട്)

– 40000 (കേന്ദ്ര ധനകാര്യ കമ്മീഷൻ )

ആകെ – 100000/-രൂപ

ചെലവ് - 89704/-

നിർവഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ, ഗവ:ആയുർവേദ ഡിസ്പെൻസറി, തരൂർ

ബിൽ നമ്പർ - 02/17-18 തിയതി 29.03.18 തുക-60000/-

ബിൽ നമ്പർ - 03/17-18 തിയതി 29.03.18 തുക- 29704/-

ഗവ.ആയുർവേദ, ഹോമിയോ ഡിസ്പെൻസറികൾക്ക് ഫർണീച്ചർ വാങ്ങൽ എന്ന പ്രൊജക്റ്റിന്റെ ഭാഗമായി ടെണ്ടർ ക്ഷണിച്ച് എക്സിക്യൂട്ടീവ് ചെയർ, വിസിറ്റേഴ്സ് ചെയർ, പ്ലാസ്റ്റിക് കസേര, സ്റ്റീൽ അലമാര, സ്റ്റീൽ റാക്ക്, ടേബിൾ, എന്നിവ വാങ്ങിയിട്ടുണ്ട് (നം.എ-2/2000/12 തീ.08.01.2018) വിവിധ സ്ഥാപനങ്ങൾ സമർപ്പിച്ച നിരക്കുകൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനം | ഇനം (ടെണ്ടർ സ്പെസിഫിക്കേഷൻ ) | | | | |
|---|---|---|---|---|---|---|
| | | കസേര (സെമി എക്സി ക്യൂട്ടീവ്) -1 എണ്ണം | പ്ലാസ്റ്റിക് ചെയർ (ആം ചെയർ)- 20എണ്ണം | വിസി റ്റേഴ്സ് ചെയർ സെറ്റ് (സ്റ്റീൽ)-1 എണ്ണം | ഓഫീസ് ചെയർ (വുഡൻ& വുഡൻ ആം റെസ്റ്റ്) | സ്റ്റീൽ റാക്ക് (6*3,20 guage) |
| 1 | എഫാർ ട്രേഡിംഗ് പട്ടിക്കര പാലക്കാട് | 1) 1925<br>2)2350<br>3) 3250 | 1) 205<br>2) 295<br>3) 342<br>4) 365 | 4765 | 4878 | Normal paint- 2465<br>powder coat |

| | | | | | | |
|---|---|---|---|---|---|---|
| | | | 5) 425 | | | paint-3265 |
| 2 | ക്ലാസിക്ക് ഏജൻസീസ് വടക്കഞ്ചേരി | 1) 2400<br>2) 3350 | Friendly-248<br>camando -232<br>nilkamal -437<br>nilkamal heavy-484<br>nilkamal t size-467<br>nilkamal heavy t size-482 | 1) 3750<br>2) 5380 | S type-1850<br>heavy wooden arm set-3700 | Normal paint-3400<br>powder coat paint -3750 |
| 3 | ഫിഡ്കോ എന്റർപ്രെസസ് കോഴിക്കോട് | Hr 18 guage -4222<br>Hr 16 guage-4888 | Friendly -322<br>marvel-392<br>esquire -422<br>supream-522<br>supream h size-544<br>nilkamal | 6222 | മഹാഗണി -2988<br>ആഞ്ഞിലി -3488 | 3922 |

| | | | | | | |
|---|---|---|---|---|---|---|
| | | | -544,<br>492,<br>592 | | | |

ടെണ്ടർ സമർപ്പിച്ച എല്ലാ സ്ഥാപനങ്ങളും ടെണ്ടർ സ്പെസിഫിക്കേഷൻ പ്രകാരമാണ് നിരക്ക് കാണിച്ചിരിക്കുന്നത്, ടെണ്ടറിൽ ISI ഗുണമേന്മ, വെർജ്ജിൻ പ്ലാസ്റ്റിക്, മരത്തിന്റെ തരം, പെയിന്റ്, സാമ്പിൾ ഹാജരാക്കുക എന്നിവ നിർദ്ദേശിച്ചിരുന്നില്ല.

സ.ഉ (എം.എസ്)നം.80/2017/ത.സ്വ.ഭ.വ തീ.03.04.2017 പ്രകാരം പുറപ്പെടുവിച്ച 2017-18 വർഷത്തെ സബ്സിഡി മാർഗരേഖയിലെ ഖണ്ഡിക 2.7പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥന്റെ വാങ്ങൽ നടപടി ക്രമങ്ങൾക്ക് സ.ഉ.(പി)നം.259/2010/ത.സ്വ.ഭ.വ തീ. 08.11.2010 പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാർഗരേഖ ബാധകമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത മാർഗരേഖയിൽ വാങ്ങലിന്റെ ആവശ്യം തിരിച്ചറിഞ്ഞ് സ്പെസിഫിക്കേഷൻ തയ്യാറാക്കേണ്ടതും ആയത് പ്രകാരം വാങ്ങൽ പദ്ധതി അന്തിമമാക്കുകയും ചെയ്യേണ്ടതിന്റെ പ്രധാന ചുമതല പ്രൊക്യൂർമെന്റ് ടീമിനാണ്.

30.01.18ലെ പ്രൊക്യൂർമെന്റ് കമ്മറ്റി ടെണ്ടറുകൾ പരിശോധിക്കുകയും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ എഫാർ ട്രേഡിംഗ് പട്ടിക്കര, പാലക്കാട് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിക്കുന്നതിന് ഭരണസമിതിയോട് ശുപാർശ ചെയ്യുകയും ആയതിന് 01.02.18ലെ 3(5) നം. തീരുമാന പ്രകാരം അംഗീകാരം നൽകിയിട്ടുമുണ്ട്. 20.02.18ലെ NAC 3/18 നമ്പർ കത്ത് പ്രകാരം എഫാർ ട്രേഡിംഗ് പട്ടിക്കര, പാലക്കാട്, ക്ലാസിക്ക് ഏജൻസീസ്, വടക്കഞ്ചേരി എന്നീ സ്ഥാപനങ്ങളോട് 28.02.18 ന് സാമ്പിളുകൾ ഹാജരാക്കുന്നതിന് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ഭരണസമിതി ടെണ്ടർ അംഗീകരിച്ചതിന് ശേഷം സാമ്പിളുകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ടത് ക്രമ വിരുദ്ധമാണ്. 28.02.18 ലെ പ്രൊക്യൂർമെന്റ് കമ്മറ്റി സാമ്പിളുകൾ നേരിൽ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ എഫാർ ട്രേഡിംഗ് പട്ടിക്കര, പാലക്കാട് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിക്കുന്നതിന് തീരുമാനിച്ചു. സാധനങ്ങളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിന് ബന്ധപ്പെട്ട സാങ്കേതിക പരിശോധകന്റെ റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. ടെണ്ടറിൽ ഗുണനിലവാരം, സ്പെസിഫിക്കേഷൻ എന്നിവ സംബന്ധിച്ച കൃത്യമായ വിവരങ്ങൾ ഉൾപ്പെടുത്തുകയും പ്രസ്തുത സ്പെസിഫിക്കേഷൻ/ഗുണനിലവാരം പാലിച്ചിട്ടുണ്ടോ എന്ന് സാമ്പിൾ പരിശോധിച്ച് ഉറപ്പുവരുത്തുകയുമാണ് പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ ചുമതല.

ഓരോ ഇനത്തിലും ഏറ്റവും കുറവ് നിരക്കും ടെണ്ടർ പ്രകാരം വാങ്ങിയ നിരക്കും ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | കുറഞ്ഞ നിരക്ക് | വാങ്ങിയ നിരക്ക് | വ്യത്യാസം |
|---|---|---|---|---|
| 1 | കസേര | 1925(എഫാർ ട്രേഡിംഗ്) | 3250(എഫാർ ട്രേഡിംഗ് ) | 1325 |
| 2 | പ്ലാസ്റ്റിക് കസേര | 205(എഫാർ ട്രേഡിംഗ് ) | 425(എഫാർ ട്രേഡിംഗ് ) | 220*20 =4400 |
| 3 | വിസിറ്റേഴ്സ് ചെയർ സെറ്റ് | 3750(ക്ലാസിക്ക് ഏജൻസീസ് ) | 4765(എഫാർ ട്രേഡിംഗ് ) | 1015 |
| 4 | ഓഫീസ് ചെയർ(വുഡൻ& വുഡൻ ആം റെസ്റ്റ് ) | 2988(ക്ലാസിക്ക് ഏജൻസീസ് ) | 4878(എഫാർ ട്രേഡിംഗ് ) | 1890 |
| 5 | സ്റ്റീൽ റാക്ക് (6*3,20 guage) | 2465 (എഫാർ ട്രേഡിംഗ് ) | 3265 (എഫാർ ട്രേഡിംഗ് ) | 800*3= 2400 |
| | ആകെ | | | 11030 |

ഏറ്റവും കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ പരിഗണിക്കാതെ വാങ്ങലുകൾ നടത്തിയതുമൂലം 11030/-രൂപയുടെ അധിക ചെലവ് ഉണ്ടായിട്ടുണ്ട്. ആയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.7/12.01.19) മറുപടി ലഭ്യമാക്കിയിട്ടില്ല ആയതിനാൽ 11030/- രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. പ്രസ്തുത തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽനിന്നും ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-13 സാന്ത്വന പരിചരണ പ്രവർത്തനങ്ങൾ- മാർഗരേഖ പ്രകാരമുള്ള നടപടിക്രമങ്ങൾ കൃത്യമായി പാലിക്കുന്നില്ല

| പ്രൊജക്റ്റ് നമ്പരും പേരും | നിർവ്വഹണ ഉദ്യോഗസ്ഥൻ | അടങ്കൽ (₹) | ചെലവ് (₹) |
|---|---|---|---|
| 08/18, സാന്ത്വന | മെഡിക്കൽ ഓഫീസർ, | 450000 പ്ലാൻ | ബിൽ നം.1/31.08.17-772368 |

| | | | |
|---|---|---|---|
| പരിചരണം | സി.എച്ച്.സി | ഫണ്ട് -ജനറൽ | 2/30.01.18-134610<br>3/16.03.18-114994<br>4/28.03.18-53880<br>ആകെ - 380752 |

രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

- പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾക്കുള്ള മാർഗ്ഗരേഖ (സ.ഉ.(സാധാ)3217/2015/തസ്വഭവ,തീയതി.29.10.2015) പ്രകാരം ഈ ഉത്തരവിലെ അനുബന്ധം.9 ൽ കൊടുത്ത മാതൃകയിലുള്ള ഓരോ മാസത്തെ പ്രവർത്തന അവലോകന റിപ്പോർട്ടും, വരവ്-ചെലവ് കണക്കുകളും മെമ്പർ സെക്രട്ടറി (മെഡിക്കൽ ഓഫീസർ, സി.എച്ച്.സി) യോഗത്തിൽ അവതരിപ്പിക്കേണ്ടതും അത് യോഗം വിലയിരുത്തി അംഗീകരിക്കേണ്ടതുമാണ്. എന്നാൽ ഇത്തരത്തിൽ വരവ്-ചെലവുകൾ പി.എം.സി യോഗത്തിൽ അവതരിപ്പിച്ചിട്ടില്ല.

- പി.എം.സി രണ്ട് മാസത്തിലൊരിക്കലോ, ഇടവേളകളിൽ ആവശ്യാനുസരണമോ യോഗം ചേർന്ന തങ്ങളുടെ പരിധിയിൽ നടക്കുന്ന പാലയേറ്റീവ് പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും പോരായ്മകൾ പരിഹരിക്കുന്നതിന് തീരുമാനങ്ങൾ എടുക്കേണ്ടതുമാണ് എന്ന് മേൽ ഉത്തരവിൽ പറയുന്നുണ്ട്. എന്നാൽ 19.06.2017, 20.10.2017 എന്നീ തിയതികളിൽ മാത്രമാണ് യോഗം ചേർന്നത്, രണ്ട് മാസത്തിലൊരിക്കൽ യോഗം ചേരണമെന്നത് കൃത്യമായി പാലിക്കുന്നില്ല.

- പാലിയേറ്റീവ് കെയർ പ്രോജക്റ്റിന്റെ നടത്തിപ്പിനും പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനും വേണ്ടി പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി (PMC) ഓരോ സാമ്പത്തിക വർഷാരംഭത്തിനുമുമ്പും രൂപീകരിക്കേണ്ടതാണ് എന്ന് മേൽ ഉത്തരവിൽ നിർദ്ദേശിക്കുന്നുണ്ടെങ്കിലും അപ്രകാരം 2017-18 സാമ്പത്തിക വർഷം പുതിയ കമ്മിറ്റി രൂപീകരിച്ചിട്ടില്ല.

- ഗ്രാമ പഞ്ചായത്ത് ഏറ്റെടുക്കുന്ന പാലിയേറ്റീവ് കെയർ പദ്ധതിക്ക് ജില്ലാ/ബ്ലോക്ക് പഞ്ചായത്ത് വിഹിതം ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.
  ഓഡിറ്റ് എൻക്വയറി നം.05/19.01.19നുള്ള മറുപടിയിൽ ഭാവിയിൽ പാലിയേറ്റീവ് മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പ്രകാരമുള്ള പ്രവർത്തനങ്ങൾ

നടത്തുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

തുടർനടപടികൾ കാര്യക്ഷമമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-14 റേറ്റ് കോൺട്രാക്റ്റ് ഇല്ലാത്ത ഇനം ടെണ്ടർ ഇല്ലാതെ വാങ്ങിയത്

ഒഴിവാക്കി

# 3-15 റേറ്റ് കോൺട്രാക്റ്റ് ഇല്ലാത്ത ഇനം ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കാതെ നേരിട്ട് വാങ്ങി

ഒഴിവാക്കി

# 3-16 സി.എഫ്.എൽ ഓട്ടോമാറ്റിക് ലൈറ്റ്- ഉയർന്ന നിരക്കിൽ വാങ്ങി

പ്രോജക്റ്റ്- പുതിയ സി.എഫ്.എൽ ഓട്ടോമാറ്റിക് ലൈറ്റ് സ്ഥാപിക്കൽ

പ്രോജക്റ്റ് നമ്പർ -144/18, 142/17

അടങ്കൽ - 400000 (വികസന ഫണ്ട്)

ചെലവ് - 399000/-

ബിൽ നമ്പർ - 39/23.3.18

നിർവഹണ ഉദ്യോഗസ്ഥൻ –സെക്രട്ടറി

പുതിയ സി.എഫ്.എൽ ഓട്ടോമാറ്റിക് ലൈറ്റ് സ്ഥാപിക്കൽ എന്ന പദ്ധതി പ്രകാരം വിവിധ വാർഡുകളിലെ തെരുവ് വിളക്കുകൾക്കായി സി.എഫ്. എൽ വാങ്ങുന്നതിനായി 400000/- രൂപ വകയിരുത്തിയിട്ടുണ്ട്. കെൽട്രോണിൽ നിന്നും സി.എഫ്.എൽ വാങ്ങുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തത് എങ്കിലും പ്രകൃതിക്ക് ദോഷകരമായ സി.എഫ്.എൽ ഒഴിവാക്കി എൽ.ഇ.ഡി വിളക്കുകൾ വാങ്ങാൻ ഭരണസമിതി തീരുമാനിച്ചിട്ടുണ്ട്. (31.10.17 ലെ 1ാം നമ്പർ തീരുമാനം). ഒരു ലാമ്പിന് 4755/-രൂപ എന്ന കെൽട്രോണിന്റെ നിരക്കിനേക്കാൾ കുറഞ്ഞ വിലക്ക് പൊതുമാർക്കറ്റിൽ ബൾബ് ലഭ്യമായതിനാൽ കെൽട്രോണിൽ നിന്നും വാങ്ങുന്നതിന് പകരം ടെണ്ടർ/ക്വട്ടേഷൻ നടപടികൾ സ്വീകരിക്കുവാനും തീരുമാനിച്ചിട്ടുണ്ട്. (31.10.17 ലെ ഭരണസമിതി തീരുമാനം 1).

9.2.18 ലെ ടെണ്ടറിൽ 2 സ്ഥാപനങ്ങൾ ടെണ്ടർ സമർപ്പിച്ചിട്ടുണ്ട്. ടെണ്ടർ പരസ്യത്തിൽ ആവശ്യപ്പെട്ട സ്പെസിഫിക്കേഷൻ താഴെ ചേർക്കുന്നു.

- LED Light – 24 watt – (ഒരെണ്ണത്തിന്റെ ഫിറ്റിംഗ് ചാർജ് KSEB മറ്റ് നികുതി ഉൾപ്പെടെ കാണിക്കേണ്ടതാണ്)
- ഗുണമേന്മ സാക്ഷ്യപത്രമുള്ള സാധനസാമഗ്രികൾ ഉപയോഗിക്കേണ്ടതാണ്
- സർക്കാർ അംഗീകൃത എഞ്ചിനീയറിംഗ് കോളേജിൽ നിന്നോ സർക്കാർ ചുമതലപ്പെടുത്തിയ സ്ഥാപനങ്ങളിൽ നിന്നോ ഗുണമേന്മ പരിശോധന സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.
- 3 വർഷ ഓൺസൈറ്റ് വാറന്റി നൽകേണ്ടതാണ്.

ലഭ്യമായ രണ്ട് ടെണ്ടറുകളുടെ വിവരം താഴെ ചേർക്കുന്നു.

| സ്ഥാപനം | ഇനം /സ്പെസിഫിക്കേഷൻ | വില |
|---|---|---|
| ഗ്രീൻലീഫ് ടെക്നോളജി<br>കോട്ടോപ്പാടം | 24 W LED ലൈറ്റും അനുബന്ധസാമഗ്രികളും (ജി.എസ്.ടി.യും 3 വർഷ വാറന്റിയും ഉൾപ്പെടെ) | 1756 |
| | ക്രോംപ്ടൺ | 2745 |
| എഡിസൺ ഇലക്ട്രോണിക്സ് | 24 W LED ലൈറ്റും അനുബന്ധസാമഗ്രികളും<br>ഹാവൽസ്/ ബജാജ്/ ക്രോംപ്ടൺ<br>(36 മാസം ഗാരന്റി) | 2625 |

പ്രൊക്യൂർമെന്റ് കമ്മിറ്റി -( പേജ് നം - 17 – തിയതി ഇല്ല) – മിനിട്സ് ,23.2.18 തിയതിയിലെ ഭരണസമിതി മിനിട്സ് (തീരുമാനം3(1)) എന്നിവയിലെ രേഖപ്പെടുത്തലുകൾ താഴെ ചേർക്കുന്നു

*ഗ്രീൻ ലീഫ് ടെക്നോളജി,കോട്ടോപാടം എന്നവരുടെ ടെണ്ടറിൽ കുറഞ്ഞ വില അവരുടെ ബ്രാന്റിന് കാണിച്ചിട്ടുണ്ടെങ്കിലും വാറന്റി 3 വർഷ പിരീഡാണ് കാണിച്ചിട്ടുള്ളത്. എഡിസൺ ഇലക്ട്രോണിക്സ് ക്വോട്ട് ചെയ്തിട്ടുള്ള ക്രോപ്ടൺ, ഹാവൽസ്, ബജാജ് എന്നീ ബ്രാന്റുകളിലുള്ള 3 വർഷം ഫുൾ റീപ്ലേസ്മെന്റ് ഗാരന്റിയോടെയുള്ള (2625 ) ടെണ്ടർ*

*അംഗീകരിക്കുകയും ഇതിൽ ക്രോംപ്ടൺ ബ്രാന്റ് വാങ്ങിക്കുവാനും തീരുമാനിച്ചു.*

കുറഞ്ഞ നിരക്കിലുള്ള Greco light brand ഒഴിവാക്കി ഉയർന്ന നിരക്കിലുള്ള ക്രോംപ്ടൺ ലൈറ്റുകൾ വാങ്ങിയതിന്റെ കാരണം അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (10/22.1.19) മറുപടിയായി പ്രാദേശികമായി നിർമ്മിച്ച സാധനങ്ങളെക്കാളും ഗുണമേന്മയും റീപ്ലേസ്മെന്റ് ഗ്യാരന്റിയും കമ്പനി സാധനങ്ങൾക്ക് സ്പെസിഫിക്കായി ലഭിക്കുമെന്നതിനാലാണ് ക്രോംപ്ടൺ ലൈറ്റുകൾ വാങ്ങിയത് എന്നാണ് അറിയിച്ചിട്ടുള്ളത്.

ടെണ്ടർ നോട്ടീസിൽ ആവശ്യപ്പെട്ട സ്പെസിഫിക്കേഷനിൽ പിന്നീട് മാറ്റം വരുത്താവുന്നതല്ല എന്ന് സ്റ്റോർ പർച്ചേസ് മാന്വൽ 2013, പ്രൊക്യൂർമെന്റ് മാർഗരേഖ (ജി.ഒ(പി)259/2010/തസ്വഭവ തീ.8.11.10) എന്നിവയിൽ വ്യക്തമാക്കിയിട്ടുണ്ട്. ലഭ്യമായ ടെണ്ടറുകളിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ടെണ്ടർ തിരഞ്ഞെടുക്കേണ്ടതുമാണ്. ടെണ്ടർ സ്പെസിഫിക്കേഷൻ വളരെ വ്യക്തത ഉള്ളതായിരിക്കണം.ടെണ്ടർ ക്ഷണിച്ചതിന് ശേഷം സ്പെസിഫിക്കേഷൻ മാറ്റുവാൻ പാടുള്ളതല്ല (ഖ.7.33-സ്റ്റോർ പർച്ചേസ് മാന്വൽ, 2013) ടെണ്ടറിനോടൊപ്പം സാമ്പിൾ സമർപ്പിക്കേണ്ടതുണ്ടെങ്കിൽ പ്രസ്തുത നിബന്ധന ടെണ്ടർ നോട്ടീസിൽ ഉൾപ്പെടുത്തേണ്ടതും മാതൃക ഇല്ലാതെ ലഭിക്കുന്ന ടെണ്ടറുകൾ നിരസിക്കേണ്ടതുമാണ്. കരാറുകാരുമായി നെഗോസിയേഷൻ നടത്താൻ പാടുള്ളതല്ല എന്നും ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്. ടെണ്ടർ സ്പെസിഫിക്കേഷനിൽ ആവശ്യപ്പെടാത്ത മാനദണ്ഡങ്ങൾ - (Branded item-crompton) അടിസ്ഥാനമാക്കിയാണ് ഉയർന്ന നിരക്കിലുള്ള ടെണ്ടർ അംഗീകരിച്ചത്. കമ്പനി (ബ്രാന്റഡ് ലൈറ്റ്) സാധനങ്ങൾക്ക് ഗുണമേന്മ കൂടുതലാണ് എന്ന നിഗമനത്തിലാണ് ഉയർന്ന നിരക്കിലുള്ള ലൈറ്റുകൾ വാങ്ങിയത് എന്ന വിശദീകരണം അംഗീകരിക്കാവുന്നതല്ല. ഉയർന്ന നിരക്കിലുള്ള 152 ലൈറ്റുകൾ വാങ്ങിയതിനാൽ പഞ്ചായത്ത് ഫണ്ടിന് താഴെ പറയും പ്രകാരം നഷ്ടമുണ്ടായിട്ടുണ്ട്.

*കുറഞ്ഞ നിരക്ക് (ഗ്രീൻ ലീഫ് ടെക്നോളജി)* – 1756

വാങ്ങിയ നിരക്ക് (എഡിസൺ ഇലക്ട്രോണിക്സ്) –2625

നഷ്ടം – 869

152 ലാമ്പുകൾക്ക് ആകെ നഷ്ടം – 132088/-രൂപ

പഞ്ചായത്ത് ഫണ്ടിന് നഷ്ടമായ 132088/- രൂപ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-17 തെരുവ് വിളക്ക് മെയിന്റനൻസ്സിനായി മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിച്ചു

പ്രൊജക്ട് -തെരുവ് വിളക്ക് മെയിന്റനൻസ് & മെറ്റീരിയൽ പർച്ചേസ്

പ്രൊജക്ട് നം- 140/18

അടങ്കൽ - 80294 (MG- NR)

ചെലവ് - ബിൽ നമ്പർ - 32/14.2.18 – 56921

പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ വാർഷിക മെയിന്റനൻസിനായി 2017-18 ൽ 56921 ചെലവഴിച്ചിട്ടുണ്ട്. നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റിൽ നിന്നാണ് തുക ചെലവഴിച്ചിട്ടുള്ളത്. ഗ്രാമപഞ്ചായത്തിന്റെ അനിവാര്യചുമതലയിൽ ഉൾപ്പെടുന്ന തെരുവ് വിളക്കുകളുടെ പരിപാലനത്തിനായി മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിക്കാവുന്നതല്ല. കൈമാറികിട്ടിയ സ്ഥാപനങ്ങളുടെ ആസ്തികളുടെ പരിപാലനത്തിനായാണ് മെയിന്റനൻസ് ഗ്രാന്റ് അനുവദിക്കുന്നത്. ജി.ഒ(എം.എസ് )നം.330/2004/lsgd/9.12.04 പ്രകാരമുള്ള വിനിയോഗ മാർഗരേഖയിലും തുടർ ഉത്തരവുകളിലും ഗ്രാന്റ് ഏതെല്ലാം ഇനങ്ങൾക്കാണ് വിനിയോഗിക്കാവുന്നത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. കൈമാറികിട്ടിയ സ്ഥാപനങ്ങളുടെ ആവശ്യങ്ങൾക്ക് മാത്രം വിനിയോഗിക്കേണ്ട മെയിന്റനൻസ് ഗ്രാന്റ് തനത് ആസ്തികളുടെ പരിപാലനത്തിന് വകമാറ്റി ചെലവഴിച്ചത് ക്രമപ്രകാരമല്ല.
ഓഡിറ്റ് എൻക്വയറിക്കുള്ള (23/24.1.19) മറുപടിയായി മറ്റ് സ്ഥാപനങ്ങൾക്ക് ആവശ്യമായ പ്രൊജക്ടുകൾക്ക് വകയിരുത്തിയശേഷമാണ് തെരുവു വിളക്ക് മെയിന്റനൻസിനായി തുക ചെലവഴിച്ചത് എന്നും ഭാവിയിൽ അപാകതകൾ ഒഴിവാക്കുവാൻ ശ്രദ്ധിക്കുന്നതാണ് എന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട്. മെയിന്റനൻസ് ഗ്രാന്റ് അനുവദനീയമായ ചെലവിനങ്ങൾക്ക് മാത്രം വിനിയോഗിക്കുവാനും ഫണ്ട് വകമാറ്റി ചെലവഴിക്കാതിരിക്കാനും ശ്രദ്ധിക്കേണ്ടതാണ്.

# 3-18 തെങ്ങിൻ തൈ വിതരണപദ്ധതി -സമയബന്ധിതമായി നടപ്പിലാക്കിയില്ല

പ്രൊജക്ട് - 108/18

അടങ്കൽ - 65000

ചെലവ് - 44000(പ്ലാൻ)

ബിൽ നം- 7/22.11.17-7500

ബിൽ നം 11/23.12.17 – 14000

ബിൽ നം 13/22.3.18- 22500

നല്ലയിനം തെങ്ങിൻതൈ സർക്കാർ ഫാമിൽ നിന്നും ലഭ്യമാക്കി 75%സബ്സിഡി നിരക്കിൽ കേര വികസന സമിതികൾ വഴി നാമമാത്ര കർഷകർക്ക് വിതരണം ചെയ്യുകയാണ് പദ്ധതിയുടെ ലക്ഷ്യം.

പദ്ധതി പ്രകാരം 100 തൈകൾ ഇരിഞ്ഞാലക്കുട ഗവ. കോക്കനട്ട് നേഴ്സറിയിൽ നിന്നും 100/- രൂപ നിരക്കിലും 250 എണ്ണം എരുത്തേൻപതി ഫാമിൽ നിന്നും 75/- രൂപ നിരക്കിലും 300 എണ്ണം (200 എണ്ണം @ 75 & 100 എണ്ണം @ 150) VFPCK യിൽ നിന്നും വാങ്ങിയിട്ടുണ്ട്. ഫാമുകൾക്കും VFPCK യ്ക്കും മുൻകൂറായാണ് തുക നൽകിയത്. സ്റ്റോക്ക് വിതരണരേഖകൾ പ്രകാരം വി.എഫ്. പി.സി.കെ 4.8.18 നാണ് 200 തെങ്ങിൻതൈകൾ നൽകിയത്. 100 (DxT) തൈകൾ നാളിതുവരെ ലഭ്യമായതായും കാണുന്നില്ല.
ഓഡിറ്റ് എൻക്വയറിക്കുള്ള (നം.22/24.1.19) മറുപടിയിൽ സ്പിൽ ഓവർ പദ്ധതിയായതിനാൽ ഫണ്ട് ലാപ്സാവാതിരിക്കാൻ മാർച്ച് മാസത്തിൽ തുക നൽകിയതാണ് എന്നും ഗുണഭോക്തൃവിഹിതം തെങ്ങിൻതൈ ലഭ്യമായശേഷം മാത്രമാണ് നൽകിയത് എന്നുമാണ് അറിയിച്ചിട്ടുള്ളത്.
വേനൽകാലത്ത് തെങ്ങിൻ തൈകൾ വിതരണം ചെയ്യുന്നത് പദ്ധതിയുടെ ലക്ഷ്യത്തിന് അനുയോജ്യമല്ല. കാർഷികമേഖലയിലെ പദ്ധതികൾ കാലാവസ്ഥയ്ക്ക് അനുസൃതമായി അവ നടപ്പിലാക്കുന്നതിന് അനുയോജ്യമായ സമയത്ത് തന്നെ നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. 2016-17 ൽ ആരംഭിച്ച പദ്ധതി സ്പിൽ ഓവർ പദ്ധതിയായാണ് 2017-18 ൽ നടപ്പിലാക്കിയത്. 2016-17 ലെ പദ്ധതി പ്രകാരമുള്ള തൈകൾ 1/2019 വരെയും വിതരണം ചെയ്യുവാൻ കഴിയാത്തത് പദ്ധതി നിർവഹണത്തിലെ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിൽ നിർവഹണഉദ്യോഗസ്ഥരും സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങളും ശ്രദ്ധിക്കേണ്ടതാണ്.

# 3-19 ജൈവപച്ചക്കറി കൃഷി

പ്രൊജക്ട് -ജൈവപച്ചക്കറി കൃഷി 36/18

| ഫണ്ട് | അടങ്കൽ | ചെലവ് | ബിൽ / ചെക്ക് നം |
|---|---|---|---|
| പ്ലാൻ | 100000 | 100000 | 8/29.11.17 – 30000 & |

| | | | |
|---|---|---|---|
| | | | 9/29.11.17 - 70000 |
| ബ്ലോക്ക് ഷെയർ | 200000 | 200000 | Chq. 2251252/6.12.17 |
| ഗുണഭോക്തൃവിഹിതം(നേരിട്ട്) | 90000 | 90000 | |
| | 390000 | 390000 | |

ഗ്രാമപഞ്ചായത്തിൽ ജൈവപച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പദ്ധതി പ്രകാരം 30000/- രൂപയുടെ തൈകളും (കോളിഫ്ലവർ, കാബേജ്) 70000/- രൂപയുടെ ജൈവവളവും വാങ്ങിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ 22 പാടശേഖര സമിതികൾക്കാണ് തൈകളും ജൈവവളത്തിനായുള്ള പെർമിറ്റും (റെയ്ഡ്കോ) നൽകിയത്. വ്യക്തിഗത ഗുണഭോക്താക്കൾക്കായുള്ള പദ്ധതിയായതിനാലും ഗുണഭോക്താക്കൾ പാടശേഖരസമിതികളിലെ അംഗങ്ങളല്ലാത്തവരായതിനാലും സമിതികൾ മുഖേന വിതരണം ചെയ്തത് ക്രമപ്രകാരമല്ല. സബ്സിഡി മാർഗരേഖ 80/17/3.4.17 ലെ 8.3 പ്രകാരം കൃഷിഭവൻ/ഇക്കോഷോപ്പ് മുഖേനയാണ് തൈകൾ വിതരണം ചെയ്യേണ്ടത്. കൂടാതെ കർഷകന്റെ കൃഷിഭൂമിയുടെ വിസ്തൃതി കൃഷി ഓഫീസർ പരിശോധിച്ചായിരിക്കണം വിത്തിന്റെ അളവും തുകയും തീരുമാനിക്കേണ്ടത് എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. പദ്ധതിക്കായി അപേക്ഷ ക്ഷണിച്ച് ഗുണഭോക്താക്കളെ തിരഞ്ഞെടുത്ത് നേരിട്ട് വിതരണം ചെയ്യേണ്ടതാണ്.

ഓഡിറ്റ് എൻക്വയറിക്കുള്ള(നം.22/24.1.19)മറുപടിയിൽ വീട്ടു വളപ്പിൽ കൃഷി ചെയ്യുന്നതിനുള്ള തൈകളും വളവും പാടശേഖരസമിതി മുഖേനയാണ് വിതരണം ചെയ്തത് എന്നും പാടശേഖരസമിതികൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെ സ്റ്റേറ്റ്മെന്റ് കൃഷിഭവനിൽ ഹാജരാക്കിയിരുന്നു എന്നും പദ്ധതിയിൽ ഗ്രൂപ്പുകൾ വഴി നടപ്പിലാക്കണം എന്ന് രേഖപ്പെടുത്തിയതിനാൽ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുകയോ അപേക്ഷ ക്ഷണിക്കുകയോ ചെയ്തിട്ടില്ല എന്നും വ്യക്തമാക്കിയിട്ടുണ്ട്. പദ്ധതി നിർവഹണം മാർഗ്ഗരേഖയിലെ വ്യവസ്ഥകൾക്കനുസൃതമായി നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-20 ഗുണഭോക്തൃവിഹിതം പിരിച്ചെടുക്കുന്നതിലെ അപാകതകൾ

കൃഷി ഓഫീസർ നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ ഭാഗമായി ഗുണഭോക്തൃവിഹിതം ഉൾപ്പെടുത്തുകയും പിരിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്.

ഗുണഭോക്തൃവിഹിതം കൃഷി ഓഫീസർ TR -5 Receipt മുഖേന പിരിച്ചെടുക്കുകയും നേരിട്ട് വിത്ത്/വളം വിതരണം ചെയ്ത സ്ഥാപനങ്ങളുടെ അക്കൗണ്ടിലേക്ക് ഒടുക്കുകയുമാണ് ചെയ്തിട്ടുള്ളത്. പദ്ധതികളുടെ ഗുണഭോക്തൃവിഹിതം ഗ്രാമപഞ്ചായത്തിന്റെ രസീതി മുഖേന (Form No. XXXIII) പിരിച്ച് ഗ്രാമപഞ്ചായത്തിൽ ഒടുക്കുന്നതിന് പകരം കൃഷി വകുപ്പിന്റെ രസീതി മുഖേന പിരിച്ച് നേരിട്ട് നൽകിയത് ക്രമപ്രകാരമല്ല. ഇപ്രകാരം ചെയ്തതിനാൽ ഗ്രാമപഞ്ചായത്തിന്റെ പദ്ധതികളുടെ ഗുണഭോക്തൃവിഹിതം പഞ്ചായത്തിന്റെ വരവ് ചെലവ് കണക്കുകളിൽ പ്രതിഫലിച്ചിട്ടില്ല. കൂടാതെ ചെലവ് പത്രികകളിലും പദ്ധതികളുടെ യഥാർത്ഥ ചെലവ് അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല.

TR 5 മുഖേന ഗുണഭോക്തൃവിഹിതം പിരിച്ചെടുത്ത പദ്ധതികളുടെ വിവരം താഴെ ചേർക്കുന്നു.

| പദ്ധതി | TR 5 Recipt no | പിരിച്ചെടുത്ത തുക |
|---|---|---|
| നെൽവിത്ത് വിതരണം (35/18) | 184880 to 184898 dated 22.9.17 | 150800 |
| തെങ്ങിൻ തൈ വിതരണം | 497894 to 497900 dated 17.9.2018 | 3750 |

ഗ്രാമപഞ്ചായത്തിന്റെ പദ്ധതികൾക്കായി ഗുണഭോക്തൃവിഹിതം പഞ്ചായത്തിന്റെ രസീതി ഉപയോഗിച്ച് പിരിച്ചെടുത്ത് ഗ്രാമപഞ്ചായത്തിൽ ഒടുക്കുവാനും റിക്വസിഷന്റെ അടിസ്ഥാനത്തിൽ തുക ബന്ധപ്പെട്ട സ്ഥാപനത്തിന് നൽകുവാനും ശ്രദ്ധിക്കേണ്ടതാണ്.

# 3-21 ചെലവഴിക്കാത്ത പദ്ധതി തുക തിരിച്ചടക്കേണ്ടതാണ്

പദ്ധതി നിർവഹണത്തിന്റെ ഭാഗമായുള്ള ഇടപാടുകൾ നിർവഹണഉദ്യോഗസ്ഥർ സ്പെഷ്യൽ ട്രഷറി സേവിംഗ്സ് അക്കൗണ്ടുകൾ മുഖേനയാണ് നടത്തിവരുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ധനവിനിയോഗം സംബന്ധിച്ച ജി.ഒ.(പി) നം.119/2015/ധന.തീയ്യതി 21.03.2015 പ്രകാരമുള്ള ഉത്തരവിലെ ഖണ്ഡിക 8.3 ൽ ഓരോ മാസവും വിതരണം ചെയ്യാനാകാതെ 30 ദിവസത്തിലധികമായി സൂക്ഷിച്ചിരിക്കുന്ന ക്യാഷ്/ഡി.ഡി തുകകൾ ട്രഷറി ചെലാൻ മുഖാന്തിരം തിരിച്ചടയ്ക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിലെ കൃഷി

ഓഫീസർ പദ്ധതി നിർവ്വഹണത്തിനായി ആരംഭിച്ച 71403140000077 നമ്പർ അക്കൗണ്ടിൽ നാളിതുവരെ വിതരണം ചെയ്യാതെ 42760/-രൂപ അവശേഷിക്കുന്നു. തുക മുൻവർഷങ്ങളിലെ പദ്ധതികൾക്കായി ലഭിച്ചതും ചെലവഴിക്കാനാകാതെ പദ്ധതി ഫണ്ട് സമയബന്ധിതമായി വിതരണം ചെയ്യേണ്ടതും കാലാവധി കഴിഞ്ഞ തുക കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടവാക്കേണ്ടതുമാണ്.

# 3-22 ഊർജ്ജിത സാക്ഷരതാ പരിപാടി

ഊർജ്ജിതസാക്ഷരതയജ്ഞം - 112/18

പ്രൊജക്ട് നം.112/18

അടങ്കൽ - 100000

ചെലവ് - 57388

ബിൽ നം.3/15-3-18

നിർവ്വഹണം – ഹെഡ്മാസ്റ്റർ, ജി.എം.എൽ.പി.എസ്, തോണിപ്പാടം

ഊർജ്ജിത സാക്ഷരതാ യജ്ഞം നടത്തുന്നതിനായുള്ള പദ്ധതി പ്രകാരം ആകെ 57388/- രൂപ വികസനഫണ്ടിൽ നിന്ന് ചെലവഴിച്ചിട്ടുണ്ട്. സാക്ഷരതാ സർവ്വേ നടത്തുന്നതിനാണ് തുക ചെലവഴിച്ചിട്ടുള്ളത്.
പദ്ധതി മാർഗരേഖ ജി.ഒ.(എം.എസ്)നം.72/17/ത.സ്വ.ഭ.വ/29.3.2017 പ്രകാരം വിദ്യാഭ്യാസമേഖലയിൽ അനൌപചാരിക വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിന് സാക്ഷരത മിഷനിൽ നിന്നും പുസ്തകം വാങ്ങുന്നതിനും ഫീസ് ഒടുക്കുന്നതിനുമാണ് ഗ്രാമപഞ്ചായത്തിന് പദ്ധതി രൂപീകരിക്കാവുന്നത്. സാക്ഷരതാ മിഷൻ നടത്തുന്ന പ്രവർത്തനങ്ങളായ സർവ്വേ, സാക്ഷരത ക്ലാസ്സ് തുടങ്ങിയവയ്ക്ക് ഗ്രാമപഞ്ചായത്തും പ്രൊജക്ട് രൂപീകരിച്ച് സമാനപ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത് മാർഗനിർദേശങ്ങൾക്ക് അനുസൃതമല്ല. സാക്ഷരതാ മിഷന്റെ നിർദേശപ്രകാരം നടത്തിയ പ്രവർത്തനങ്ങൾക്കായാണ് തുക ചെലവഴിച്ചത് എങ്കിൽ പ്രസ്തുത തുക സാക്ഷരതാ മിഷനിൽ നിന്നും ലഭ്യമാക്കി ചെലവ് ക്രമീകരിക്കേണ്ടതാണ്. കൂടാതെ പദ്ധതി മാർഗരേഖ പ്രകാരം അനുവദനീയ ഇനങ്ങളായ കോഴ്സ് ഫീ, പരീക്ഷാഫീസ്, രജിസ്ട്രേഷൻ ഫീസ് എന്നിവയൊന്നും പ്രൊജക്ടിൽ ഉൾപ്പെടുത്തിയിട്ടുമില്ല.

പദ്ധതി ചെലവുകളുടെ വിശദവിവരം താഴെ ചേർക്കുന്നു

| | |
|---|---|
| പ്രിന്റിംഗ് | 4800 |

| | |
|---|---|
| സർവേ നടത്തിയതിനുള്ള തുകയും ഹൊണറേറിയവും ആകെ 21 പേർക്ക് | 41130 |
| നോട്ട്ബുക്ക്, പേന | 7458 |
| സാക്ഷരതാപ്രേരക് ശ്രീമതി. പ്രിയ പദ്ധതി മോണിറ്ററിംഗ് നടത്തിയതിന് നൽകിയ തുക | 4000 |
| ആകെ | 57388 |

പ്രൊജക്റ്റ് പ്രകാരം മോണിട്ടറിംഗ് നടത്തേണ്ടത് വിദ്യാഭ്യാസവർക്കിംഗ് ഗ്രൂപ്പാണ്. സർക്കാരിൽനിന്ന് സാക്ഷരതാ പ്രവർത്തനങ്ങൾക്കായി ഹോണറേറിയം കൈപ്പറ്റുന്ന ജീവനക്കാർക്കാണ് വീണ്ടും സാക്ഷരത സർവ്വേ മോണിറ്ററിംഗ് നടത്തുന്നതിന് പദ്ധതി ഫണ്ടിൽനിന്ന് തുക നൽകിയിട്ടുള്ളത്. പതിമൂന്നാം പദ്ധതി മാർഗരേഖയിലെ (ജി.ഒ.(എം.എസ്) 72/2017/തസ്വഭവ തീയതി-29.3.2017) ഖണ്ഡിക 14.3 ലെ ഉപഖണ്ഡിക (2) പ്രകാരം പദ്ധതി ആസൂത്രണ, നിർവ്വഹണ, മോണിട്ടറിംഗ് ചെലവുകൾക്കായി ഓരോ പ്രൊജക്റ്റിലും തുക വകയിരുത്താനോ ചെലവഴിക്കാനോ പാടില്ല എന്ന് വ്യക്തമാക്കിയിട്ടും ഊർജിത സാക്ഷരത പ്രൊജക്റ്റിൽ മോണിട്ടറിംഗ് എന്ന പേരിൽ തുക നൽകിയത് അംഗീകരിക്കുന്നില്ല.

പദ്ധതി പ്രകാരം ഏതെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയത് എന്ന് വ്യക്തമല്ല.സാക്ഷരതാ ക്ലാസുകൾ നടന്നിട്ടുള്ളത് ഏതെല്ലാം ദിവസങ്ങളിലാണ് എന്ന് വ്യക്തമല്ല. ക്ലാസുകൾ നടത്തിയതിന്റെ ഹാജർ പുസ്തകങ്ങളോ അനുബന്ധ രേഖകളോ ഹാജരാക്കിയിട്ടില്ല. സർവ്വേ നടത്തി കണ്ടെത്തിയവരിൽ എത്ര പേർക്ക് സാക്ഷരതാക്ലാസ്സുകൾ നൽകി എന്നും തുല്യതാപരീക്ഷയ്ക്ക് ഹാജരായി എന്നും അറിയിക്കേണ്ടതാണ്.

